വാല്യം 2 ലക്കം 1 ചിങ്ങം 1172

# താളിയോല

## പിറന്നാൾപ്പതിപ്പ്




പ്രീത & വേണുഗോപാൽ തമ്പി

താളുകളിലൂടെ.......


❀ മുഖവുര ❀ ഹിരോഷിമയിൽ.....നാഗസാക്കിയിൽ.....❀ മലയാളത്തനിമ ❀
❀ ഓണവും ഓർമകളും ❀ മിന്നാമിനുങ്ങുകൾ ❀ പുനഃസമാഗമം ❀
❀ തെകൊക്കുനി ഷിഗോത്തൊ അരിമസ് കാ? ❀
❀ മാവേലി വീണ്ടും ജപ്പാനിൽ ❀ മുന്നൂറ്റൻ ❀
❀ രണ്ടാമൂഴം ❀ പ്രതികരണം ❀
❀ നാട്ടുവിശേഷം ❀

# മുഖവുര

ഇത് പിറന്നാൾപ്പതിപ്പാണ്. ങാ, അങ്ങനെ പിറന്നാളും വന്നു. പോഷണക്കുറവും ബാലാരിഷ്ടും ഇനിയും മാറിയിട്ടില്ല. കാലിടറാതെ നടന്നു തുടങ്ങിയെന്ന് പറയാറുമായിട്ടില്ല. "കേടു തീരാത്ത കുട്ടിയുടെ ആണ്ടു പിറന്നാൾ വേണ്ട" എന്നു പണ്ടാരോ പറഞ്ഞുവെച്ചിട്ടുമുണ്ട്. ഏതായാലും ഓണക്കാലമായതുകൊണ്ട് കുറച്ച് ഓണക്കഥ കേട്ടിട്ടാവാം തീരുമാനം.

"നീലാണ്ടൻെറ പേരെന്താ നീലാണ്ടൻന്ന്?" എന്നും "ചിങ്ങത്തിലോണമെന്താ ചിങ്ങത്തില്?" എന്നും പണ്ടുള്ളവർ ഒറ്റശ്വാസത്തിൽ അസംബന്ധമായി ചോദിക്കാറുണ്ട് (പിന്നെ, "അത്ഭുതമല്ലേലോകം" എന്നും). ആദ്യത്തെ ചോദ്യം കുറെ കൂടിയതാണെന്നു പറഞ്ഞാലും രണ്ടാമത്തേത് അങ്ങിനെയാണോ? പണ്ടൊരു ഭ്രാന്തൻ, "വലതു കാലിലെ മന്ത് ഇടതു കാലിലേയ്ക്കാക്കാൻ" പ്രാർത്ഥിച്ചപോലെ അത്ര നിസ്സാരമായി ഈ ഓണവും മാറ്റാൻ പറ്റുമോ?

എപ്പോഴാണ് ഓണത്തിൻെറ വരവ്? കള്ളനെന്നും പഞ്ഞക്കാരനെന്നും പേരുകേട്ട കർക്കിടകം കഴിയുന്നു. വിത്തു കുത്തി കഞ്ഞിയും വെച്ച്, ചീനബ്ഭരണിയിലെ ഒടുക്കത്തെ ഉപ്പുമാങ്ങയും, വേലിത്തറിയുടെ കണലിൽ ചുട്ട ചക്കക്കുരുവും കൂട്ടി അത് കുടിച്ചു കഴിഞ്ഞു. മുണ്ട് ആകാവുന്നതിലേറെ മുറുക്കിയുടുത്താണ് നടപ്പ്. മലയാളിപോലും "മഴ മതിയേ" എന്ന് പറഞ്ഞു തുടങ്ങി. അപ്പോഴാണ് മാനത്ത് ഒരു വെക്കാനം കാണുന്നത്. മേഘത്തിനിടയിലൂടെ വെളിച്ചത്തിൻെറ തൂണുകൾ ഇറങ്ങി വരുന്നു. ഇന്നലെവരെ അടുപ്പിൻകല്ലിൽ മൂടിപ്പുതച്ചിരുന്നവർ അതൊക്കെ മറന്ന് ഊഞ്ഞാലും കൈയാകളിയും തുമ്പിതുള്ളലുമായി നടക്കുന്നു. ഒരു കൊല്ലത്തേയ്ക്കുള്ള തുണിയെല്ലാം ഒറ്റയടിയ്ക്കാണെടുത്തിട്ടുള്ളത്. പുത്തരിച്ചോറും, വേവിച്ചതും വരട്ടിയതും വറുത്തതുമായ നേന്ത്രപ്പഴവും, കാളനും ഓലനും പുളിശ്ശേരിയും കൂട്ടി ധൂർത്തോളമെത്തുന്ന സദ്യ. മുറ്റത്തെ മൺപ്രതിമകൾക്കുപോലും അരിമാവുകോരിയൊഴിച്ചാണ് അലങ്കാരം. ഇനി ചുറ്റും നോക്കിയാലോ? എല്ലായിടവും കണ്ണുപുളിപ്പിക്കുന്ന വെളിച്ചം. തുമ്പയും മുക്കുറ്റിയും കാക്കപ്പൂവും കഴുത്തോളം വെള്ളത്തിലും തലയുയർത്തി നിൽക്കുന്നു. നെൽപാടമൊക്കെ ഞൊടിയിടയിൽ ചെമ്പൻ ചായവും തേച്ച് 'ഞാനൊന്നുമറിഞ്ഞില്ലേ'എന്ന നിൽപ്. പുഴവക്കത്തെ നേന്ത്രവാഴയെല്ലാം ഒന്നിച്ച് കുലച്ച് തൂങ്ങിയിരിയ്ക്കുന്നു. ഒരു പുത്തൻ പണക്കാരൻെറ ധാരാളിത്തം കാണിയ്ക്കുന്ന മനുഷ്യനെ പ്രകൃതിയും അതേപടി അനുകരിച്ചപോലെ!

ഇനി, ഓണത്തിൻെറ കഥയെന്താണ്? തറവാടു കത്തിനിന്ന കാലത്ത് ഇറങ്ങിപ്പോയ ഒരു കാരണവർ ആണ്ടോടാണ്ടുകൂടി വരുമ്പോൾ പട്ടിണിയും പ്രാരബ്ധവും ഒളിച്ചുവെച്ച് കാരണവരുടെ കാര്യസ്ഥതക്കാലത്തെപ്പോലെ തന്നെയാണ് ഇന്നും എന്നു കാണിയ്ക്കുന്നതല്ലേ ഇത്? അതിന് ഇതിലും പറ്റിയ ഒരു കാലമുണ്ടോ? കള്ളക്കർക്കിടകത്തിൽ കാരണവർ വന്നാലത്തെ കാര്യം നിരൂപിയ്ക്കാനേ വയ്യ. ഇനി കന്നിയിലായാൽ പ്രകൃതിയുടെ ഈ ധൂർത്തൊന്നടങ്ങിയിട്ടുമുണ്ടാവും. വെള്ളത്തിൽ കൊയ്ത്, ഉണക്കമാവാതെ കുത്തിയതിനാൽ കുറച്ച് പൊടിഞ്ഞ ആ പുത്തരിയുടെ ചോറിൻെറ രസം എന്തായാലും കിട്ടില്ലല്ലോ.

"ഒരു താരകയെക്കാണുമ്പോഴതു രാവു മറക്കും" എന്നും മറ്റും കവയിത്രി പാടുന്നതിനു മുൻപുതന്നെ പണ്ടുള്ളവർ മലയാളിയുടെ ഈ 'പാവത്തം' അറിഞ്ഞിരുന്നു. അതുകൊണ്ടു തന്നെയല്ലേ "ചിങ്ങത്തിലെ ഓണം ചിങ്ങത്തിൽ" മതിയെന്നു വെച്ചത്?

ഇനി പിറന്നാളിൻെറ കാര്യം. കുട്ടിയ്ക്കു തുടമില്ലെന്നുവെച്ച് പിറന്നാളുണ്ണാതിരിയ്ക്കണോ?ബാലാരിഷ്ടും കേടും മറന്ന് ആഘോഷിക്കാൻ ഈ ഓണക്കാലത്തിലും പറ്റിയ സമയമുണ്ടോ? പാവുമുണ്ടുടുത്ത് കണ്ണെഴുതി കുറിയിട്ട് കറുകയും ചൂടി വലിയ നാക്കിലയ്ക്കു മുൻപിൽ ആവണപ്പലകയിലിരുന്നു പിറന്നാളുണ്ണാനായില്ലെങ്കിൽ വേണ്ട; ഒരപ്പം പടച്ച് അതിനുമുകളിൽ ഒരു തിരിയും കൊളുത്തിവെച്ച് അത് ഊതിക്കെടുത്തിയാൽ മതിയല്ലോ. പിന്നെ കൈകൊട്ടി ഒരു പാട്ടും പാടാം. ഒരോണപ്പാട്ടായാൽ വിശേഷമായി. "ഉള്ളതുകൊണ്ട് ഓണം പോലെ" എന്നുമുണ്ടല്ലോ!


- ശങ്കരനാരായണൻ

# ഹിരോഷിമയിൽ......, നാഗസാക്കിയിൽ.....

വയലാ വാസുദേവൻ പിള്ള


**ഒരു ശില്പം:**

കാലുകളിടറിപ്പോമമ്മതൻ പൊൻ പൈതലെ
കാത്തു സൂക്ഷിയ്ക്കാനിടം കൈയ്കൊണ്ടു മാറിൽച്ചേർത്തും,
പാതിയുമെരിഞ്ഞേറെപ്പാരാവശ്യത്താൽ പിന്നി
ലാർത്തനാദത്താലള്ളിപ്പിടിയ്ക്കും കുമാരനെ
നീട്ടിയ വലം കയ്യാലാശ്വസിപ്പിച്ചും, വീഴ്കെ
വേച്ചു വേച്ചെഴുന്നേറ്റങ്ങഗ്നിയിലെരിയവേ
ആരെയോതെരയുന്നുണ്ടംബരവിതാനത്തി-
ലാരൊളിഞ്ഞിരിയ്ക്കുന്നൂ തീമഴ വർഷിക്കുവാൻ!



**മരണ നൃത്തം:**

ചാരമായ് തീരുന്നു തൻ വംശമെന്നറിയാതെ
ദീനയായ് ചുറ്റും നോക്കി, പ്രിയരെപ്പാർക്കാൻ വെമ്പി
ആരെയും വിഴുങ്ങുന്നൊരഗ്നി ഗോളങ്ങൾ ചുറ്റും
ഭീകര വിഷജ്വാല ചപ്പിയ പേക്കോലങ്ങൾ!
എന്തിനോ വായും പിളർന്നുഗ്രതാണ്ഡവമാടി
ചെന്നിണം തെറിപ്പിയ്ക്കുന്നുയരങ്ങളിൽ ശാസ്ത്രം!
കാത്തു നില്ക്കാതെ, കാലം തെന്നിമാറുന്നൂ, കാള-
മേഘങ്ങൾ വിഷവർഷം ചൊരിയുന്നാഹ്ളാദത്താൽ.
ദാഹാർത്തി പൂണ്ടോർ വെണ്ണീറാകവേ വെള്ളം തേടി-
യോടി വീണടിയുന്നിതഗ്നി പർവ്വതങ്ങളായ്...
ആരുടെ തീനാളങ്ങൾ കാർന്നു തിന്നുന്നൂ നിന്നെ,
ആരുടെ നഖങ്ങൾ നിൻ മാറിലാർന്നിറങ്ങുന്നൂ.....?



**പുരാവൃത്തം:**

കാലവും കണ്ണീർവാർത്തു തേങ്ങുന്നൂ, സംസ്കാരത്തിൻ
കോലങ്ങളൊന്നൊന്നായി ചിതറിത്തെറിക്കുന്നൂ!
ആകാശം പിളർക്കുന്ന സ്വപ്നഗോപുരങ്ങളും
ആരെയും സ്തംഭിപ്പിയ്ക്കുമത്ഭുത നേട്ടങ്ങളും
കോടികളുയർത്തിയ ചരിത്ര സ്മരണക-
ളാകവേ ഭസ്മം, വംശഗാഥ വെന്തെരിയുന്നു.

**അന്വേഷണം:**

ആരവമൊടുങ്ങിയിച്ചുടലക്കാട്ടിൽ വിശ്വ
ചേതന വിമോഹന സ്വപ്നമായണയവേ,
ആണവ യുദ്ധക്കൊടി പിച്ചിച്ചീന്തുവാനമ്മേ
ആയിരം ചലിയ്ക്കുന്ന നാവുകളുയർത്തുവാൻ
സ്നേഹ സാഗരം വറ്റി വരളും ഹൃദയത്തിൻ
നീരുറവകൾ നിത്യ ബാല്യത്തെ കുളിർപ്പിയ്ക്കാൻ,
ആയിരം കടലാസുകൊക്കുകളുണ്ടാക്കിക്കൊ- *
ണ്ടോടിയെത്തുമ്പോൾ വിശ്വബാല്യത്തെതലോടുവാൻ
പൂക്കളും തരുക്കളും കായ്കളുമായിക്കാല
സന്ധ്യകൾ കഥകേൾക്കാനെത്തവേ, കണ്ണീരോടെ
കാട്ടാളനെയ്തും കൊന്നും തിന്നു നേടിയ കഥ
പൂർത്തിയാക്കാതെ കണ്ഠമിടറുന്നെന്തേ, ചൊല്ലൂ.....?

സുപ്രസിദ്ധ നാടകകൃത്തും സംവിധായകനുമായ ശ്രീ. വയലാ വാസുദേവൻ പിള്ള കോഴിക്കോട് സർവകലാശാലയിലെ സ്കൂൾ ഓഫ് ഡ്രാമയുടെ മേധാവിയാണ്. ഇപ്പോൾ മെയ്ജി സർവകലാശാലയിൽ ജപ്പാനിലെ പരമ്പരാഗത നാടകവും ആധുനിക നാടകവേദിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു ഗവേഷണം നടത്തുന്നു.

ഹിരോഷിമയിലെ സമാധാനോദ്യാനത്തിൽ (Peace Park) ഈയിടെ നടത്തിയ സന്ദർശനമാണ് ഈ കവിതയ്ക്കുള്ള പ്രേരണ.

* ആണവയുദ്ധക്കെടുതിയിലെ റേഡിയേഷൻമൂലമുള്ള മരണത്തിൽ നിന്നു രക്ഷപ്പെടാൻ ആയിരം കടലാസുകൊക്കുകളുണ്ടാക്കാനുള്ള ശ്രമത്തിലും ആശുപത്രിയിൽ മരിച്ച ബാലികയെ ഓർത്ത്.

# മലയാളത്തനിമ

രാജീവ് ശ്രീനിവാസൻ കവറാട്ടേത്ത്

[രാജീവ് തിരുവനന്തപുരം സ്വദേശിയാണ്. സാൻഫ്രാൻസിസ്കൊവിൽ ഒരു ബഹുരാഷ്ട്ര കമ്പനിയുടെ മാർക്കറ്റിംഗ് ഡയറക്റ്ററായി ജോലി നോക്കുന്നു. കേരള 'നെറ്റ് വർക്ക്' ന്യൂസ് ഗ്രൂപ്പുകളിൽ സജീവ മായി പങ്കെടുത്തു വരുന്നു]

"മലയാളത്തനിമ" എന്നൊന്നുണ്ടോ? മറ്റു ഭാരതീയർ "കാശ്മീരിയാത്", "പഞ്ചാബിയാത്" എന്നൊക്കെ പറയുമ്പോൾ, അങ്ങനെയൊരു പ്രത്യേകത അവർക്കുണ്ടോ എന്ന് ഞാൻ സംശയിച്ചു പോകുന്നു. പക്ഷേ കേരളീയർക്ക് നമ്മുടേതായ ഒരു സംസ്കാരം - "മാമലകൾക്കപ്പുറത്ത് മരതകപ്പട്ടുടുത്ത" ആ മണ്ണിൻെറ മണമുള്ള എന്തോ ഒന്ന് - ഇല്ല എന്ന് പറയാൻ പറ്റുകയില്ല. എന്താണ് ഈ "മലയാളത്തനിമ"?

നമ്മുടെ ദ്രാവിഡ പൂർവ്വികരുടെയും, മൺമറഞ്ഞ ബുദ്ധമതത്തിൻെറയും മുതൽ ഇന്നത്തെ അറബിപ്പൊന്നിൻെറവരെയുള്ള എല്ലാ ഗുണങ്ങളും ദോഷങ്ങളും ആവാഹിച്ചെടുത്ത അപൂർവ്വമായ ഒരു സംസ്കാരം കേരളത്തിലുണ്ടെന്ന് വിശ്വസിക്കാം. പക്ഷേ ഇതിനേക്കാൾ വലിയ ഒരാകർഷണം മലയാളത്തിൻെറ മണ്ണിനുണ്ട്-ഒരിക്കലും പിടിവിടാതെ നമ്മെ വീണ്ടും വീണ്ടും കേരളത്തിലേക്ക് വരുത്തുന്ന ഒരു ആകർഷണം.

തമിഴരെയോ, ഗുജറാത്തികളെയോ, പഞ്ചാബികളെയോ നോക്കുക - മലയാളികളെപ്പോലെ ഇവരെല്ലാം മറുനാടൻമാരായിട്ടുണ്ട്. പക്ഷേ ഒരു വലിയ വ്യത്യാസമുണ്ട് - അവരുടെ മറുനാടൻ പ്രതിനിധികൾ പരദേശികളായിത്തീരുന്നു. മലേഷ്യൻ തമിഴൻ മലേഷ്യനാകുന്നു, തമിഴ്നാടുമായി അവന് വൈകാരിക ബന്ധം കുറവാണ്. പക്ഷേ മലയാളികൾ അങ്ങനെയല്ലല്ലോ - നമ്മുടെ മുടിയരായ പുത്രൻമാർ സ്വപ്നം കാണുന്നത് കേരളത്തിനെയാണ്. ജൂതൻമാർ ലോകത്തെവിടെവച്ച് കണ്ടാലും പരസ്പരം പറയാറുണ്ടത്രെ "അടുത്തകൊല്ലം യെറുശലേമിൽ" എന്ന്. അതു പോലെ മലയാളികളുടെ ഹൃദയങ്ങൾ മൂകമായി അന്യോന്യം പറയുന്നുണ്ടാകണം "അടുത്തകൊല്ലം നാട്ടിൽവച്ച് നാം കണ്ടുമുട്ടട്ടേ!" എന്ന്.

സിംഗപ്പൂരിലെ സമ്പന്നമായ ജീവിതം വിട്ട് പലരും തിരിച്ച് കേരളത്തിൽ വന്നപ്പോൾ എൻെറ കുട്ടിക്കാലത്ത് ഞാൻ അതിശയിച്ചിട്ടുണ്ട്. പക്ഷേ വർഷങ്ങളായി അമേരിക്കയിൽ ജീവിക്കുന്ന എനിക്ക് ഇപ്പോൾ അതു മനസ്സിലാകുന്നുണ്ട്. TVയും BMWയും കാർഫോണും എല്ലാം ഇട്ടെറിഞ്ഞ് കൊച്ചുകേരളത്തിലെ ഒരു കായലരികത്ത് കുളിർ കാറ്റും കൊണ്ട് ഒരു സൂര്യാസ്തമനം കാണാൻ കൊതി തോന്നുന്നു.

എന്തോ കാരണവശാൽ ദുഃഖാർദ്രമായ ഒരു സംസ്കാരമാണ് നമ്മുടേത്. "നഷ്ട വസന്തങ്ങളുടേയും ശിഥില സ്വപ്നങ്ങളുടേയും ഭാരവും പേറി നടക്കുന്ന ഒരു ഏകാന്ത പഥികനാണ് ഞാൻ" എന്നാണത്രേ മലയാളിയുടെ വിശ്വാസം. നമ്മുടെ സാഹിത്യമോ സിനിമയോ എടുത്തു നോക്കുക. അസ്തിത്വ ദുഃഖത്തിൽ മുഴുകിക്കഴിയുന്ന "മയ്യഴിപ്പുഴ"യിലെ ദാസൻ, പാപങ്ങളെ കഴുകിക്കളയാൻ വയ്യാതെ വലയുന്ന "ചിദംബര"ത്തിലെ ശങ്കരൻ, തിരിച്ചുവരാത്ത മകനെ തേടുന്ന "പിറവി"യിലെ രാഘവ ചാക്യാർ, തടവുകാരനായ "മതിലുക"ളിലെ ബഷീർ, ഗുരുവിനെത്തേടുന്ന "ഗുരുസാഗര"ത്തിലെ എഴുത്തുകാരൻ - ഇവരൊക്കെയാണ് നമ്മുടെ നായകൻമാർ. മലയാള സിനിമയിലെ ഏറ്റവും അർത്ഥവത്തായ ഒരു പടമായിരുന്നല്ലോ "ഉത്തരായണം". അതിൻെറ അവസാനം രവി തൻെറ മുഖംമൂടി തീയിൽ വലിച്ചെറിഞ്ഞ് നടന്നു പോകുന്നു - തീവ്രവാദിയാകാനോ അതോ സന്യസിക്കാനോ? ആർക്കറിയാം? "സ്വയംവര"ത്തിലാകട്ടെ അവസാനം വിധവയായ സീത മുമ്പിൽ കാണുന്നത് പരാജയങ്ങൾ മാത്രം. പിന്നെ പകൽമാന്യൻമാരുടെ ഉള്ളിലെ ദുഷ്ടും.

ഏറ്റവും പ്രസിദ്ധമായ കവിത സിനിമാപ്പാട്ടാണല്ലോ - അതും തഥൈവ. യേശുദാസിൻെറ ഉജ്ജ്വലമായ ഗാനങ്ങളെന്താണ്? "താമസമെന്തേ വരുവാൻ?", "സ്വർണ്ണച്ചാമരം വീശിയെത്തുന്ന", "സന്യാസിനീ"- ഇവയിലെല്ലാം മുൻപിൽ നിൽക്കുന്നതു ശോകരസമല്ലേ? നഷ്ടപ്പെട്ടുപോയ എന്തിനേയോ - ഒരിക്കലും തിരിച്ചു കിട്ടാത്ത ലളിത സുന്ദരമായ ഗ്രാമജീവിതത്തിനെയാണോ ആവോ - തേടി നടക്കുന്നവരാണ് നമ്മളെല്ലാം. ഗൃഹാതുരത്വം ആണ് നമ്മുടെ സ്ഥായിയായ ഭാവം.

മത സൗഹാർദ്ദത്തിൻെറയും സഹിഷ്ണതയുടെയും കാര്യത്തിൽ കേരളം പ്രസിദ്ധമാണല്ലോ. അതു പോലെ പുരോഗതിയുടെ ശാസ്ത്രത്തിലും ലോകപ്രസിദ്ധം തന്നെ. സ്ത്രീകളുടെ ഉദ്ഗ്രഥനത്തിൻെറ കാര്യത്തിലും നമ്മൾ മുൻപന്തിയിൽ. ചുരുക്കത്തിൽ നമ്മൾ അതിമാന്യൻമാർ. പക്ഷേ സത്യം ഇതു മാത്രമാണോ? ഈ പറുദീസയിൽ ഒരു കട്ടുറുമ്പില്ലേ? പണമുണ്ടാക്കാനുള്ള അത്യാർത്തിയുമായി ഏതൊരു കൊള്ളരുതായ്മക്കും കൂട്ടു നിൽക്കാൻ തയ്യാറാവുന്നതും നമ്മുടെ പ്രത്യേകതയല്ലേ?

വാസ്തവത്തിൽ പുറത്തുനിന്ന് നോക്കുമ്പോൾ വിചാരിക്കുന്ന ഒരുമയൊന്നും കേരളത്തിലില്ല. മത-ജാതി സ്പർദ്ധ, അസൂയ, ദുരാചാരങ്ങൾ, ഇവയെല്ലാം കൂടിക്കൊണ്ടിരിക്കുന്നു. പക്ഷേ നല്ലതുപോലെ ചിരിച്ചു കാണിച്ച് ഇത് മറയ്ക്കാൻ ജനങ്ങൾ പഠിച്ചു പോയി എന്നു മാത്രം. പഴുത്ത സുന്ദരമായ മാങ്ങ പോലെയിരിക്കുന്ന കേരളത്തിനെ കടിച്ചാൽ ഉള്ള് കുറച്ച് അഴുകിയിരിക്കുകയാണെന്ന് മനസ്സിലാകും. ഈ പൊയ്മുഖവും കേരളത്തനിമയുടെ ഭാഗം തന്നെ.

ചുരുക്കത്തിൽ മലയാളത്തനിമ ഒരു കടംകഥയാണ്. കുളിച്ചീറനായി നീണ്ടമുടിയിൽ കൂവളത്തിലയും ചൂടി മുല്ലപ്പൂക്കളുടെ നേരിയ മണവുമായി നടന്നു പോകുന്ന കന്യകയാണ് കേരളം. അതോ മലയാറ്റൂരിൻെറ ഭ്രമാത്മകമായ "യക്ഷി"യോ? ആർക്കറിയാം?

# ഓണവും ഓർമകളും

മുരളി

[മുരളി ഇടയാറൻമുള സ്വദേശിയാണ്. യോകോഹാമ നാഷനൽ യൂനിവേഴ്സിറ്റിയിൽനിന്ന് ബിരുദാനന്തര ബിരുദമെടുത്തതിനുശേഷം ഇപ്പോൾ സിംഗപ്പൂരിൽ എഞ്ചിനീയറാണ്. ഭാര്യ രേണുക, മകൻ അരവിന്ദ്.]

"ചുടുകാപ്പിക്കടയിൽ ചുമ്മാതിരിക്കും
ചുപ്പാമണിയൻ
തുടരെഴുതി താളിൽ വിളമ്പാൻ പറ്റും
മെട്രവടയല്ലെടോ, പറയന്റെ ചെണ്ടയിലും
ഉറയുന്ന തൊണ്ടയിലും ഉയിർകൊണ്ട്
ഊറ്റംകൂടിയ നമ്മുടെ മലയാള വാക്ക്"

എം. ഗോവിന്ദന്റെ വരികൾ "താളിയോലയിൽ" എഴുതുന്നതിൽ നിന്ന് എന്നെ വിലക്കിയിരുന്നു. സുരേഷ്സാനോടുള്ള വാഗ്ദാനം ഓർത്തപ്പോൾ എന്തുമാകട്ടെ എന്ന ആത്മധൈര്യത്തോടെ തുടങ്ങുകയാണ്. മലയാളത്തെക്കുറിച്ചും മലയാളികളെക്കുറിച്ചുമാകട്ടെ പ്രമേയം.

ന്യൂയോർക്കിലും, ടോക്യോയിലും, നൈറോബി യിലും, ഖത്തറിലും ഓണം വിപുലമായ രീതിയിൽ ആഘോഷിക്കപ്പെടുമെന്ന് കേട്ടറിഞ്ഞു. കേരളത്തിൽ എങ്ങിനെയാണെന്നറിയില്ല. ദൂരദർശൻ താരനിബിഡമായ ഒരു സിനിമയും ഒരു ചലച്ചിത്രഗാന സദ്യയും വിളമ്പാതിരിക്കില്ല. അല്ലെങ്കിൽപിന്നെ, അവിടെ ഇപ്പോൾ തുമ്പിതുള്ളാനും, ഊഞ്ഞാലാടാനും, അത്തപ്പൂവിടാനും ആർക്കു നേരം? എന്റെ പമ്പയുടെ തീരത്തെ ഗ്രാമത്തിലും സ്ഥിതി വേറെയാകാൻ വഴിയില്ല. രാഷ്ട്രീയ പ്രബുദ്ധരായ ഒരു ജനതതിക്ക് ഓണംപോലെയുള്ള പഴഞ്ചൻ ആചാരങ്ങളോട് വെറുപ്പാണ്. പമ്പയും മാറിയിരിക്കുന്നു. പഞ്ചാര മണലും വെള്ളാരകല്ലുകളും വയലാറിന്റെ വരികളിൽ. നേരിട്ടുകണ്ടാൽ അമേരിക്കൻ ഉപഗ്രഹം എടുത്ത 'ചൊവ്വ' യുടെ close-up പോലെയുണ്ട്. കുണ്ടും കുഴിയും കറുത്ത ചെളിയും. മണൽ മുഴുവൻ വടിച്ചുമാറ്റി കോൺക്രീറ്റാക്കി ഞങ്ങൾ. ഞങ്ങളുടെ പുരോഗമനത്തിന്റെ ഇതിഹാസത്തിലെ നാഴികക്കല്ലുകൾ. ആമ്പൽക്കുളത്തിൽ ആഫ്രിക്കൻ പായൽ മാത്രം. പായൽ നിവാരണത്തെക്കുറിച്ച് ഞങ്ങൾ ഇടക്കിടക്ക് ചർച്ച നടത്താറുണ്ട്. (ഞങ്ങൾ എന്ന് അർത്ഥമാക്കുന്നത് ഞാൻ ഉൾപ്പെടെയുള്ള എന്റെ ഗ്രാമവാസികളെയാണ്, കേട്ടോ!). ചർച്ചകൾക്കുശേഷം ഞങ്ങളുടെ പ്രിയപ്പെട്ട നേതാക്കൾക്ക് മുദ്രാവാക്യം മുഴക്കി ഞങ്ങൾ വീട്ടിലേക്ക് മടങ്ങുന്നു, രാവിലത്തെ വർത്തമാനപ്പത്രങ്ങളിലെ രാഷ്ട്രീയ ചർച്ചകൾ ഒന്നുകൂടി വായിച്ച് കോരിത്തരിക്കാൻ.

എന്റെ ബാല്യത്തിൽ ഞങ്ങൾ ഇത്ര പ്രബുദ്ധരായിരുന്നില്ല. വേലിക്കൽ കോളാമ്പിപ്പൂവും ചെമ്പരത്തിയും മന്ദാരവുമൊക്കെ അത്തപ്പൂവിടാൻ ഒരുങ്ങി നിൽക്കുമായിരുന്നു. നെൽപ്പാടം 'കൊക്കൊ' കൃഷിക്ക് വഴിമാറിയിരുന്നില്ല. തുമ്പകൾ ആവണിക്കാറ്റിൽ തുമ്പിതുള്ളുമായിരുന്നു. വേലി കടന്ന് മറുപുറത്തേക്ക് ഊഞ്ഞാൽ വള്ളികൾ ഊഞ്ഞലാടുമായിരുന്നു. പുഴയിലേക്ക് ഓടിയിറങ്ങുന്ന അമ്പലപ്പടവുകളുടെ ഓരത്ത് മാനത്തുകണ്ണികളുടെ ഘോഷയാത്ര. ശ്രീകുമാരൻ തമ്പിയുടെ വരികൾപോലെ ആറ്റുവക്കത്തെ മുളഞ്ചില്ലയിൽ കാറ്റിന്റെ ഓണപ്പാട്ട്. ഇതൊക്കെ പഴയ കഥ. ഇനിയും തിരിച്ചു വരാനാവാത്ത ചരിത്ര സത്യം. ആചാരങ്ങളും അനുഷ്ഠാനങ്ങളും ഒരു സമൂഹത്തിന്റെ നിലനിൽപ്പിന്റെ ആത്മസത്തയായിരുന്നെന്ന് ഓണവും വിഷുക്കണിയും തിരുവാതിരയും ഒരുക്കിയ എന്റെ പൂർവ്വികർ മനസ്സിലാക്കിയിരിക്കണം. തെയ്യവും തിറയും സർപ്പം പാട്ടും പൂരപ്പറമ്പിലെ ആരവവും ജീവൽ സ്പന്ദനമാണെന്ന് അറിഞ്ഞിരിക്കണം. ദൂരദർശന്റെ സപ്തവാഹിനികൾ ഒരുക്കുന്ന വർണ്ണ പ്രപഞ്ചത്തിനും ഹിന്ദി സീരിയലുകൾക്കും മലയാളിയുടെ ആത്മാവിനെ തിരിച്ചുകൊണ്ടു വരാനാവില്ലല്ലോ.

ജപ്പാൻപോലെയുള്ള സമൂഹത്തിന്റെ ജീവിതരീതി കണ്ടറിയുമ്പോൾ ഒരുകാര്യം വ്യക്തമാകുന്നു - പാരമ്പര്യത്തിന്റെ നിലനിൽപ് പുരോഗമനത്തിന് എത്രത്തോളം ആക്കം നൽകുമെന്ന്. ഭാഷയും സംസ്കാരവും എത്രത്തോളം ഐകരൂപ്യം ഉണ്ടാക്കുമെന്ന്. ജപ്പാനിൽ സ്കൂൾകുട്ടികളെ ഓലക്കുടയും ചൂടിച്ച് ഞാറുനടാൻ നെൽപ്പാടത്തേക്ക് ഇറക്കുന്നതു കണ്ടിട്ടുണ്ട്. മണ്ണിന്റെ മണവും നനവും മനസ്സിൽ നിന്ന് നഷ്ടമാകാതിരിക്കാൻ.

ഓണത്തെക്കുറിച്ച് ചിന്തിച്ച് എന്തൊക്കെയോ എഴുതിപ്പോയി. മറ്റൊരു ഓണാഘോഷത്തിന് സമയമാകുന്നു - മരിക്കാത്ത കുറച്ച് സങ്കൽപങ്ങൾ മനസ്സിൽ ബാക്കിയുള്ളവർക്ക്! (മറുനാട്ടിലും മലയാളക്കരയിലും).

Arthur Koestler ന്റെ ഒരു വരിയോടെ നിർത്തട്ടെ. "ഒരു സങ്കൽപത്തിന്റെ മരണത്തോളം ദുഃഖകരമായി മറ്റൊന്നില്ല". (Nothing is more tragic than the death of an illussion).

---

സ്വന്തം ദൗർബല്യങ്ങൾക്ക് എതിരെ പോരാടുന്നതാണ് പ്രതിയോഗിയുടെ ശക്തിക്കെതിരായ പോരാട്ടത്തേക്കാൾ ക്ലേശകരം.

- ജവഹർലാൽ നെഹ്റു.

പോരാടുന്ന യോദ്ധാക്കളേക്കാൾ, തോക്കുകളേക്കാൾ, തടവറകളേക്കാൾ, നിയമങ്ങളേക്കാൾ കരുത്തുറ്റതാണ് ചിന്താശക്തി.

- ജവഹർലാൽ നെഹ്റു.

# ഓണവും ഓർമകളും

ബാബുരാജ്

[വർക്കലക്കടുത്തുള്ള കായിക്കര സ്വദേശിയാണ് ബാബുരാജ്. ഇപ്പോൾ ത്സുകുബ യൂനിവേഴ്സിറ്റിയിൽ അദ്ധ്യാപകനാണ്. ഭാര്യ ഷൈലജ. മക്കൾ ഐശ്വര്യ, അശ്വിനി]

സൗഭാഗ്യകരമായ ഓണാശംസകൾ!!! കൃതജ്ഞതാപൂർവ്വം പ്രതികരിക്കുന്നതോടൊപ്പം എന്തോ ഒരു നഷ്ടബോധം. പിന്നെ ഓർമ്മകളുടെ ചുരുളഴിയുകയായി... ഒടുവിൽ മനസ്സിൽ ബാക്കി വരുന്നത് എന്നെന്നേക്കുമായി നഷ്ടപ്പെട്ടുപോയ കുട്ടിക്കാലമാണ്. ഒപ്പം കതിരുകൾ നിറഞ്ഞ നെൽപ്പാടങ്ങൾ, ഗ്രാമ സൗന്ദര്യത്തെ വിളിച്ചുണർത്തുന്ന കുന്നിൻ ചരിവുകൾ, പ്രശാന്തമായ കായൽപ്പരപ്പ്, പിന്നെ ആ നിശ്ശബ്ദതയെ ഭഞ്ജിക്കുന്ന അറബിക്കടലിന്റെ സീൽക്കാരം.

"ഈ വല്ലിയിൽ നിന്നും ചെമ്മേ
പൂക്കൾ പോകുന്നിതാ പറന്നമ്മേ"

ഒരു കവി ഹൃദയത്തിന് പ്രചോദനം നൽകിയ ഗ്രാമീണ ഭംഗി! അത്തപ്പൂവിടാൻ തുടങ്ങുന്നതോടെ ഓണാഘോഷങ്ങൾക്ക് വേണ്ടിയുള്ള തയ്യാറെടുപ്പായി. വീട്ടുപറമ്പിൽ അവിടവിടെയായി കടൽത്തീരത്തു നിന്നു കൊണ്ടുവരാറുള്ള വെൺമണൽകൊണ്ട് കൂമ്പാരങ്ങൾ ഉണ്ടാക്കും. വിശുദ്ധിയുടെ പ്രതീകങ്ങളായ ഇവ മരിച്ചുപോയ പൂർവ്വികരെയാണ് അനുസ്മരിപ്പിക്കുന്നത്. ഉത്രാട ദിവസം ഉച്ച കഴിഞ്ഞ് എല്ലാം ഒതുക്കി നിരപ്പാക്കി വീടും പരിസരവുമൊക്കെ വെടിപ്പാക്കുന്നതോടെ ഇവിടത്തെ ജനങ്ങൾ മാവേലിത്തമ്പുരാനെ എതിരേൽക്കുവാൻ തങ്ങളുടെ വീട്മുറ്റത്ത് പരവതാനി വിരിക്കുകയായി. ചാലിച്ച ചന്ദനത്തിൽ തൊട്ട തെറ്റിപൂവിതളുകൾകൊണ്ട് നിലവിളക്ക് അലങ്കരിക്കുന്ന കൊച്ചുകൊച്ചു മുഖങ്ങൾ, കുളിർ പരത്തുന്ന ഓണനിലാവ്, പലതരം പലഹാരങ്ങൾ, പുത്തൻ കുപ്പായം, പിന്നെ സമൃദ്ധമായ ഓണസദ്യ.

"....പൊന്നലകൾ പൊന്നലകൾ ഞൊറിഞ്ഞുടുത്തു
പോകാനൊരുങ്ങുകയാണല്ലോ..
...മലയാറ്റൂർ പള്ളിയിൽ പെരുന്നാളു കൂടണം
ശിവരാത്രികാണേണം നീ
ആലുവാ ശിവരാത്രി കാണേണം നീ....;"

എങ്ങോ അകലെ നിന്നും ഉച്ചഭാഷിണിയിലൂടെ ഒഴുകി വരുന്ന ഈരടികളിൽ പോലും തിരുവോണനാളിന്റെ ഊഷ്മളമായ സൗഹാർദ്ദത്തിന്റെ പ്രതിധ്വനി. കുസൃതി നിറഞ്ഞ പുഞ്ചിരിയോടെ ഓണക്കോടികൊടുക്കുമ്പോൾ വാത്സല്യത്തോടെ വലിയച്ഛൻ തരുന്ന വെള്ളിനാണയങ്ങൾ. എല്ലാം അവ്യക്തമായ ചിത്രങ്ങളായി മനസ്സിൽ ഇനിയും തങ്ങി നിൽക്കുന്നു.

മഹാബലിമന്നൻ വർഷത്തിലൊരിക്കൽ സ്വന്തം പ്രജകളുടെ ക്ഷേമാന്വേഷണാർത്ഥം രാജ്യ സന്ദർശനത്തിന് എത്തുന്നു എന്നാണല്ലോ ഓണത്തിന്റെ ഐതിഹ്യം. സവിശേഷമായ ഈ ഓണാഘോഷവേളയിൽ മഹാബലി മാത്രമല്ല നമ്മുടെ സന്ദർശകൻ എന്നുള്ളതാണ് മറ്റൊരു വിശ്വാസം. പൊന്നിൻ ചിങ്ങമാസം പിറക്കുന്നതിന് മുൻപ്തന്നെ സ്വർഗവാതിലുകൾ തുറക്കപ്പെടുമത്രെ! അതായത് കർക്കിടകമാസത്തിലെ വാവ്ബലി ദിവസം. അങ്ങനെ മരിച്ചുപോയ നമ്മുടെ പൂർവ്വികൻമാരുടെ ആത്മാവുകൾക്കു കൂടി ഭൂലോകം സന്ദർശിക്കുവാൻ അവസരം ലഭിക്കുന്നു. തുറക്കപ്പെട്ട ഈ വാതിലുകൾ തിരുവോണ ദിവസം വരെ തുറന്നുകിടക്കുമത്രെ. എന്നാൽ ഇങ്ങനെ വരുന്ന ഇവർ ബന്ധുജനങ്ങളെയൊക്കെ കണ്ട ആഹ്ളാദലഹരിയിൽ മടക്കയാത്ര സ്വാഭാവികമായും മാറ്റിവക്കാറാണ് പതിവ്. അടുത്ത തലമുറക്കാരായിട്ടുള്ളവർ മാവേലിയുടെ സന്ദർശനവും കൂടി കഴിഞ്ഞിട്ടേ തിരിച്ചുപോകാറുള്ളു എന്നും പറയുന്നു. ഇതിന് പ്രധാനമായ മറ്റൊരു കാരണവും കൂടി ഉണ്ടത്രേ. എത്ര പ്രജാവത്സനായ രാജാവായിരുന്നാലും മഹാബലിയുടെ ആഗമനം പാതാളലോകത്തുനിന്നുമാണല്ലോ? ഈ അവസരത്തിൽ സ്വർഗരാജ്യത്ത്നിന്നുമെത്തിയ അദൃശ്യരായ ഈ പൂർവ്വികാത്മാക്കൾ വീട്ടുപറമ്പിൽ അവിടവിടെയായി ആസനസ്ഥരാവുന്നതോടെ മഹാബലിയുടെ ഈ സന്ദർശനവുംകൂടി സുഗമമായി പര്യവസാനിക്കുന്നു എന്നാണ് വിശ്വാസം.

ഈ സമയത്ത് നാട്ടിൽപോയി ബന്ധുക്കളോടും സുഹൃത്തുക്കളോടുമൊത്തു ഓണം കൂടുകയും ഒപ്പം മരിച്ചുപോയ നമ്മുടെ പൂർവ്വികൻമാരുടെ ആശീർവാദം വാങ്ങിക്കുകയും നമ്മുടെ ആചാരത്തിന്റെ ഭാഗമാണല്ലോ. ഏതാണ്ട് ഇതേ കാലയളവിനുള്ളിൽ തന്നെ ജപ്പാൻ ജനതയും അനുഷ്ഠിക്കുന്ന ഒബോൻ ആഘോഷങ്ങൾക്ക് നമ്മുടെ ആചാരങ്ങളുമായി എത്രയോ സാമ്യമുണ്ട് എന്ന വസ്തുതയല്ലേ ഇത് സൂചിപ്പിക്കുന്നത്?

---

നമ്പൂരിക്ക് മാത്രമല്ല സ്വത്തും ഭൂമിയും ധാരാളം എന്ന് വരുത്താനായി ഒരു പുതു മടിശ്ശീലക്കാരൻ തന്റെ തോട്ടങ്ങളുടെ വിസ്തീർണ്ണത്തെക്കുറിച്ച് നമ്പൂരിയോട് പറയുന്ന കൂട്ടത്തിൽ രാവിലെ കാറെടുത്തിറങ്ങിയാൽ കൈവശമുള്ള എല്ലാ പറമ്പും ഒന്നു ചുറ്റി നോക്കിയെത്തുമ്പോഴേക്കും സന്ധ്യയാകും എന്നു പറഞ്ഞു.

ഇതുകേട്ട് നമ്പൂരി: "അത്തൊരൊരു കാറ് ഇവിടെംണ്ടായിരുന്നു. ഒരാളെക്കിട്ട്യേപ്പൊ വേം കൊടുത്ത് കയ്യൊഴിക്കേണ്ടായ്യേ".

# ഓണവും ഓർമകളും

മാധവചന്ദ്ര കുറുപ്പ്

[കുറുപ്പ് തിരുവനന്തപുരം സ്വദേശിയാണ്. ഇരുപത്തിരണ്ടു വർഷത്തെ തിരുവനന്തപുരം ജീവിതത്തിനുശേഷം പ്രവാസിയായി കഴിയുന്നു. ഇപ്പോൾ ജപ്പാനിൽ കമ്പ്യൂട്ടർ എഞ്ചിനീയറായി ജോലി നോക്കുന്നു. ഭാര്യ ലക്ഷ്മിയും തിരുവനന്തപുരം സ്വദേശിയാണ്.]

ഓണം മലയാളികൾക്ക് എന്നുമെന്നും ഒരു മനോഹര സങ്കൽപമാണ്. അല്ലലും ഇല്ലായ്മയും, പൊളിയും ചതിയും, കാപട്യവും കളങ്കവുമില്ലാത്ത ഒരു ഗതകാല സ്മൃതിയുടെ അവാച്യമായ അനുഭൂതി പകരുന്ന ദിനങ്ങൾ - ഇന്നത്തെ യാന്ത്രിക യുഗത്തിന്റെ ബദ്ധപ്പാടിൽ കുട്ടിക്കാലത്ത് കേട്ടിട്ടുള്ള മുത്തശ്ശിക്കഥകൾ പലതും ക്ഷണഭംഗുരങ്ങളാണെങ്കിലും, മാവേലി മന്നന്റെ 'മിത്ത്' മാത്രം ഇന്നും നിറം മങ്ങാതെ നിൽക്കുന്നത് എന്തു കൊണ്ടാണ്? കേവലം ഒരു ദേശീയോത്സവമെന്നതിലുമുപരിയായി നമ്മളിൽ ഓരോരുത്തരുടേയും ഹൃദയസ്പന്ദനങ്ങൾ തൊട്ടുണർത്തുന്ന, ആത്മബന്ധത്തിന്റെ പരിശുദ്ധി നിറഞ്ഞ ആ വികാരത്തെക്കുറിച്ച് ചില ഓർമ്മകൾ....

ഓണ സ്മരണകളിൽ ഏറ്റവും തിളക്കമാർന്നത് എങ്ങും നിറഞ്ഞു നിൽക്കുന്ന, സന്തോഷപൂരിതങ്ങളായ മുഖങ്ങളാണ്. ആർപ്പുവിളിയുടെയും ആഹ്ളാദത്തിന്റെയും മുഖങ്ങൾ, നാഗരികതയുടെ വീർപ്പുമുട്ടലിൽ വിങ്ങുന്ന 'കോൺക്രീറ്റ്' മുറ്റങ്ങൾ പോലും പൂക്കളത്തിന്റെ വർണ്ണരാജിയിൽ ഒരു മായാലോകമായി രൂപാന്തരപ്പെടുന്നു. നഗരത്തിന്റെ തിരക്കും ബഹളവും കണ്ടു വളർന്ന എനിക്ക് ഓണാവധിക്കാലത്ത് അച്ഛന്റെ തറവാട്ടിൽ ചെലവഴിക്കാൻ കിട്ടിയിരുന്ന ഏതാനും ദിവസങ്ങൾ ബാല്യകാല ജീവിതത്തിലെ അനർഘനിമിഷങ്ങളാണ്. തുറസ്സായ പറമ്പും, കരിയും പുകയുമില്ലാത്ത തെളിഞ്ഞ ആകാശവും, വിശാലമായ പച്ചപ്പരവതാനിയിൽ സുവർണ്ണ മുത്തുമണികൾ പേറിനിൽക്കുന്ന പാടശേഖരങ്ങളും, അതിനെ തൊട്ടു തഴുകുന്ന കായലും, ആമ്പൽ പൂക്കളും എല്ലാമെല്ലാം ഇന്ദ്രജാലക്കാരന്റെ ചെപ്പടിവിദ്യയിലെന്നോണം പ്രത്യക്ഷപ്പെട്ട അപൂർവ്വ ദൃശ്യങ്ങളായിരുന്നു. സമപ്രായക്കാരായ കൂട്ടരുമൊരുമിച്ച് പകലന്തിയോളം പൂമ്പാറ്റയുടെയും തുമ്പിയുടെയും പുറകെ ഓടിയിരുന്ന, തൊടിലെ മൂവാണ്ടൻ മാവിന്റെ തണലിൽ മത്സരിച്ച് ഊഞ്ഞാലാടിയിരുന്ന, മുതിർന്നവർ കാണാതെ വയൽവരമ്പിനോടു ചേർന്നുള്ള ചാലിൽ നിന്നും 'മാനത്തുകണ്ണി' യെ കൈക്കുമ്പിളിലാക്കിയിരുന്ന, ആ ദിനങ്ങൾക്ക് യുഗാന്തരത്തിന്റെ അകലം വന്നിരിക്കുന്നു! ഉച്ചവെയിലിന്റെ തീക്ഷ്ണതയെ തെല്ലും കൂസാതെ വയലേലകളിൽ തപസ്സിരിക്കുന്ന കൊറ്റികളും, കായലിലേക്ക് ചാഞ്ഞു കിടക്കുന്ന പുന്നമരത്തിന്റെ ശാഖയിൽ അലസഭാവം പൂണ്ടിരുന്ന് ഞൊടിയിടെ മീൻ കൊത്തിപ്പറക്കുന്ന പൊൻമാനും പാഠപുസ്തകത്തിലെ താളുകളുടെ ജഡതയിൽനിന്നും ഓണക്കാലത്തെ ഉല്ലാസ നിമിഷങ്ങളെ ചൈതന്യ പൂർണ്ണമാക്കിയിരുന്നു. സായാഹ്നത്തിന്റെ വരവോടെ തുമ്പി തുള്ളലിന്റെയും മറ്റു ഓണക്കളികളുടെയും ആരവമുയരുകയായി. 'ഓടുന്നുണ്ടോടുന്നുണ്ടേ മാണിക്യച്ചെമ്പഴുക്ക.....' എന്നു തുടങ്ങുന്ന പാട്ടിന്റെ ഈരടികൾക്കൊപ്പം വട്ടം കൂടിയിരുന്ന് കൈകൾ പിന്നിൽച്ചേർത്ത് അടുത്തിരിക്കുന്നയാളിന് ഉരുളൻ കല്ല് കൈമാറിയിരുന്ന ഓർമ്മ ഇന്നും തെളിമയോടെ നിൽക്കുന്നു. തിരുവോണപ്പുലരിയോടൊപ്പം ഉണർന്ന് മഞ്ഞമുണ്ടുടുത്ത് മറ്റു കൂട്ടർക്കില്ലായിരുന്ന പിറന്നാൾക്കാരനെന്ന അസൂയാവഹമായ 'ബഹുമതി' യുടെ പിൻബലത്തിൽ ശാഠ്യം പിടിക്കുമ്പോൾ "നോക്കിക്കോ പുലിവരുമ്പോൾ നിന്നെ പിടിച്ചു കൊടുക്കു" മെന്ന താക്കീത് കേട്ട് അൽപം ഭയത്തോടെയാണെങ്കിലും 'പുലി' കളുടെ വരവിന്നായി അക്ഷമയോടെ കാത്തിരുന്ന ആ ദിനങ്ങൾ എങ്ങിനെ മറക്കാനാണ്?

ഒന്നാലോചിച്ചു നോക്കിയാൽ നമ്മുടെയെല്ലാം ജീവിതത്തിൽ മാവേലിയുടെ വാഗ്ദത്ത ഭൂമിയിലെപ്പോലെയുണ്ടായിരുന്ന, സൗഭാഗ്യം നിറഞ്ഞ ഒരുകാലഘട്ടത്തെ - നിഷ്കളങ്കവും നിർമലവുമായ നമ്മുടെ ബാല്യത്തെയല്ലെ നാം ഓണത്തിലൂടെ ആഘോഷിക്കുന്നത്? ആർപ്പു വിളിക്കാൻ പോയിട്ട് മനസ്സു തുറന്ന് ആഹ്ളാദിക്കുവാൻപോലും വിലങ്ങു തടിയായി നിൽക്കുന്ന ബന്ധനങ്ങൾക്കിടയിൽ, കൗമാരത്തിന്റെ വാമനാവതാരത്തിനു മുന്നിൽ അടിയറവു വെച്ച ആ സുവർണ്ണകാലത്തെപ്പറ്റി ഒരിക്കലെങ്കിലും ഓർമ്മിക്കാത്തവരായി ആരെങ്കിലും ഉണ്ടാവുമോ നമ്മുടെയിടയിൽ?

---

നമ്പൂരി എന്തെല്ലാമോ ആവശ്യങ്ങൾ പ്രമാണിച്ച് നഗരത്തിൽ ചുറ്റിത്തിരിയുകയാണ്. ഉച്ചയായപ്പോൾ ഊണു കഴിച്ചുകളയാം എന്നു വച്ച് ഒരു ഹോട്ടലിൽ കയറി. ബോർഡിൽ 'ഹോമ്‌ലി മീൽസ്' എന്നെഴുതിയിരുക്കുന്നതുകണ്ട് മാനേജരോട്:

"എന്താ യ് ഇംഗ്ളീഷിലെഴുതിവച്ചടക്കണത്, ഒന്ന് ഭാഷ്യാക്കിത്തര്ാ".

"ഇല്ലത്തെ ഊണുപോലത്തെ ഊണാണിവിടെ. തിരുമേനിക്കിഷ്ടാവും".

"ഇല്യ, ഇഷ്ടാവില്യ. എനിക്കിന്ന് അസാരം ഭേദായിട്ട്ള്ള ഊണ് കഴിച്ചാകൊള്ളാമെന്നുണ്ട്. അതോണ്ട് വേറെ നോക്കാവും ഭേദം" - നമ്പൂരി ഇറങ്ങി നടന്നു.

## ഓണവും ഓർമകളും

പങ്കജാക്ഷൻ, ഗോവ

[പങ്കജ് മലപ്പുറം ജില്ലയിലെ എടപ്പാൾ സ്വദേശിയാണ്. ജപ്പാനിലെ തോകായ് യൂനിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് നേടിയ പങ്കജ് ഇപ്പോൾ NIO, ഗോവയിൽ ശാസ്ത്രജ്ഞനായി ജോലി നോക്കുന്നു. ഭാര്യ ശശികല. മകൾ ദീപ്തി.]

അത്തത്തിന് ഒരാഴ്ച മുന്നെ തന്നെ കുറുമ്പത്തള്ള പൂവട്ടികൾ നിറച്ച കൊട്ടയുമായി വീടിന്റെ അടുക്കളക്കോലായിൽ എത്തും. കുറുമ്പത്തള്ളയേയും പൂവട്ടികളും കാണുമ്പോഴേക്കും മനസ്സിൽ ഓണപ്പൂക്കൾ പല വർണ്ണങ്ങളും ചാർത്തി വിരിയാറുണ്ട്, അന്നൊക്കെ. അത്തം മുതൽ തിരുവോണം വരെ കുട്ടികളാണ് പൂ പറിച്ച് മുറ്റത്തെ ചാണകം മെഴുകിയ കളത്തിൽ വിവിധ രൂപങ്ങളിൽ പൂവിടുക. ഞങ്ങൾ കുട്ടികളായി മൂന്നു പേരാണ് പൂ പറിക്കാനുള്ള പ്രായവും മനസ്സുമായി വീട്ടിലുണ്ടായിരുന്നത്. അതുകൊണ്ട് മൂന്ന് പൂവട്ടികൾ വാങ്ങാറുണ്ട്. വയലിൽ തോട്ടുവക്കിന് നിൽക്കുന്ന 'കൈത' യുടെ ഇലവെട്ടി, ഉണക്കി, അത് ചെറിയ ഈളുകളാക്കി മെടഞ്ഞാണ് പൂവട്ടി ഉണ്ടാക്കാറുള്ളത്. വലിപ്പം ഏകദേശം നാഴിയോളം വരും. 'കുണ്ടൻ പൂവട്ടി', 'ഒഴുക്കൻ പൂവട്ടി' എന്നിങ്ങനെ രണ്ടുതരം കണ്ടിട്ടുണ്ട്. കുട്ടികളുടെ പ്രായത്തിനനുസരിച്ചും ഓടിനടന്ന് പൂ പറിക്കാനുള്ള മിടുക്കനുസരിച്ചും, വലിപ്പം നോക്കി തിരഞ്ഞെടുക്കണം.

കുണ്ടൻ പൂവട്ടി കുറുതായി വായവട്ടം കൂടിയിരിക്കും. ഒഴുക്കൻ പൂവട്ടി ഉയരത്തിനൊത്ത വണ്ണമായിരിക്കും. എനിക്കിഷ്ടം ഒഴുക്കൻ പൂവട്ടിയായിരുന്നു. എന്റെ ഏട്ടൻ സാധാരണ കുണ്ടൻ പൂവട്ടിയാണ് എടുക്കാറ്. കുറച്ചു കൂടി ചെറുതായ ഒഴുക്കൻ പൂവട്ടിയാണ് അമ്മ അനിയന് വാങ്ങാറുള്ളത്. കൊണ്ടുനടക്കാനുള്ള സൗകര്യത്തിനായി ഇപ്പോഴത്തെ 'വാനിറ്റി' ബാഗിന് കാണാറുള്ളതുപോലെ ഒരു വള്ളിയുണ്ടായിരിക്കും. അതുകൊണ്ട് പൂവട്ടി കഴുത്തിൽക്കൂടെ ഇട്ട് രണ്ടു കൈകൊണ്ടും പൂ പറിക്കാൻ സൗകര്യമാണ്. പൂവറുത്ത് വട്ടി നിറഞ്ഞാൽ ഈ വള്ളിയുടെ അറ്റം പിടിച്ച് ഒന്നു രണ്ടു വട്ടം ചുഴറ്റിയാൽ പൂക്കൾ വട്ടിയിലൊതുങ്ങി വീണ്ടും പൂവിടാൻ ഇടം കിട്ടും. മടിയൻമാരും മടിച്ചികളും ഈ വിദ്യ ഒരിക്കലും പ്രയോഗിക്കാറില്ല. കാരണം വട്ടി നിറഞ്ഞ് മറ്റുള്ളവരെ കാണിക്കണം എന്നത് മാത്രമാണ് ഇക്കൂട്ടരുടെ ആഗ്രഹം. ഒരുവിധം വട്ടി നിറഞ്ഞാൽ കുട്ടികളെല്ലാവരും കൂടി പാടാറുള്ള ഒരു പാട്ട് ഓർമയിൽ വരുന്നു.

കറ്റക്കറ്റക്കയറിട്ടേ
കയറാലഞ്ചു മടക്കിട്ടേ
നെറ്റിപ്പട്ടം പൂവിട്ടേ
പൂവട്ടി വീശി നിറച്ചല്ലോ
കുളക്കര വെച്ചു മറന്നല്ലോ
പൂവേ പൊലി പൂവേ
പൂവേ പൊലി പൂവേ

ഇന്നത്തെ നാട്ടിലെ കുട്ടികൾക്ക് ഇത്തരത്തിലുള്ള പൂവട്ടികൾ കിട്ടാറുണ്ടോ എന്നറിയില്ല. എന്നാലും പ്ലാസ്റ്റിക് കൊണ്ടുള്ള പൂവട്ടികൾ കിട്ടുമത്രെ. എന്നാൽ പിന്നെ പ്ലാസ്റ്റിക് പൂക്കളും ആയിക്കൂടെ!

---

## Interest Rates:

**Foreign Currency Non Resident**
**Int. Rate Pct. P.A.**

| | USD | GBP |
|---|---|---|
| 6 Months to 1 year | 4.50 | 4.75 |
| 1 Year to 2 years | 6.25 | 6.50 |
| 2 Years to 3 years | 6.75 | 7.25 |
| 3 years only | 7.00 | 7.50 |

**Non Resident External Rupee Account (NRE)**

| | |
|---|---|
| 6 Months to 2 years | 12.00 |
| Over 2 years to 3 years | 16.00 |
| Over 3 years to 7 years | 15.00 |
| Savings Bank | 4.50 |

**Non Resident Non Repartriable A/c (NRNR)**

| | | |
|---|---|---|
| 6 Months to 1 year | 17.50 | *18.68 |
| Over 1 year to 3 years | 17.00 | *21.59 |

* Annualised yield

**Interbank Exchange Rate as on 26 August 1996**

1 US Dollar = 108 yen
1 US Dollar = 35.70 Indian Rupees

(Courtesy: Mr. A.A. Badshah,
Bank of India, Tokyo)

# ഓണവും ഓർമകളും

ജെയ്നി സുനീഷ്

[ജെയ്നി തൃശ്ശൂരിലെ കട്ടിലപ്പൂവം സ്വദേശിയാണ്. ഭർത്താവ് സുനീഷ്, കുന്ദംകുളം സ്വദേശി, ഒരു ജാപ്പനീസ് കമ്പനിയിൽ മാർക്കറ്റിംഗ് വിഭാഗത്തിൽ ജോലി ചെയ്യുന്നു. മകൻ സുജെയ്.]

ചിങ്ങമാസത്തിലെ തിരുവോണം മലയാളിക്ക് ഏറ്റവും പ്രിയപ്പെട്ടതാണല്ലോ. എല്ലാംകൊണ്ടും സമ്പൽ സമൃദ്ധമായ ഓണക്കാലത്ത് കേരളത്തിലെ ആബാല വൃദ്ധം ജനങ്ങളും മാവേലിമന്നനെ വരവേൽക്കാനായി ഒരുങ്ങുന്നു. ആഘോഷങ്ങളെല്ലാം നമ്മെ ഏറ്റവുമധികം ആകർഷിക്കുന്നത് കുട്ടിക്കാലത്താണല്ലോ. ഓണവും അതിൽനിന്നും ഒട്ടും വിഭിന്നമല്ല. എന്റെ ഓർമയിലും കുട്ടിക്കാലത്തെ ഓണമാണ് പച്ചപിടിച്ചു നിൽക്കുന്നത്. അവധിക്കാലമായതുകൊണ്ട് ഓണമാഘോഷിക്കാൻ കൂടുതൽ സമയം. അത്തംനാൾ മുതൽ പൂക്കളമിടലും തൃക്കാക്കരയപ്പനെ ഉണ്ടാക്കലും മറ്റും തുടങ്ങുന്നു. പൂക്കൾക്ക് ഒരു ക്ഷാമവുമില്ലാത്ത കാലമാണല്ലോ. അത്തംനാൾ മഴ പെയ്യാൻ പ്രാർത്ഥിക്കും. കാരണം 'അത്തം കറുത്താൽ ഓണം വെളുത്ത്' എന്ന് ഒരു ചൊല്ലുണ്ടല്ലോ.

ഉത്രാടം നാളിൽ അയൽവക്കത്തെ കൂട്ടുകാരൊരുമിച്ചൊരു പൂക്കള മത്സരം. സമ്മാനം ഒരു പാക്കറ്റ് മിഠായി. എല്ലാവരും കൂടി പങ്കിട്ടെടുത്ത് സന്തോഷം പങ്കുവെക്കുന്നു. വൈകുന്നേരമാവുമ്പോൾ രാവിലെ ഇട്ട പൂക്കളം മാറ്റി ചാണകം മെഴുകിയ തറയിൽ പുതിയ പൂക്കളവും തൃക്കാക്കരയപ്പനെയും പ്രതിഷ്ഠിക്കുന്നു. ഉത്രാട രാത്രിയിലാണല്ലോ മാവേലി തമ്പുരാന്റെ എഴുന്നള്ളത്ത്.

തിരുവോണദിവസം പുലർച്ചെ എഴുന്നേറ്റ് ആദ്യം ഓടുന്നത് മുറ്റത്തേക്കാണ്. പൂക്കളം കാണാൻ. മാവേലി വന്നുവോ എന്ന് പരിശോധിക്കും. പിന്നെ പശുക്കൾക്ക് ഓണം കൊടുക്കുന്നു, 'സ്പെഷൽ' പുല്ലും വെള്ളവും. പിന്നെ ശർക്കരയിട്ട് പുഴുങ്ങിയ നേന്ത്രപ്പഴവും മറ്റും കൂട്ടിയുള്ള പ്രാതൽ. അതിനു ശേഷം ഓണത്തിനുമാത്രം അനുവദിച്ചിട്ടുള്ള കുളത്തിലുള്ള കുളി. ഓണക്കോടിയുമുടുത്ത് കൂട്ടുകാരോടൊത്ത് ഊഞ്ഞാലാട്ടം. വലിയ മൂവാണ്ടൻ മാവിൽ കെട്ടിയ ഊഞ്ഞാലിൽ, നിന്നുകൊണ്ടാടാനും, പലവിധ സർക്കസ്സുകൾ കാട്ടാനും ചേട്ടൻമാർ. അതുകണ്ട് അസൂയപ്പെടുന്ന ഞാൻ. അപ്പോഴേക്കും അടുക്കളയിൽ നിന്നുയരുന്ന സുഗന്ധം അങ്ങോട്ടാകർഷിക്കുന്നു. കായനുറുക്കും, പുത്തനരിച്ചോറും പലതരം കറികളും, പായസങ്ങളും. ഹാ! ഓർക്കുമ്പോൾ വായിൽ വെള്ള മൂറുന്നു. വിഭവസമൃദ്ധമായ ഊണിനു ശേഷം വീണ്ടും പലതരം കളികൾ. അതിനിടയിൽ പണിക്കാരുടെ ഓണക്കാഴ്ചകളുമായിട്ടുള്ള വരവ്. അവർക്ക് ഓണക്കോടിയും മറ്റും കൊടുത്ത് സംതൃപ്തരാക്കുന്നു.

ഉച്ചകഴിഞ്ഞുള്ള വടംവലി കാണാൻ എല്ലാവരും അടുത്തുള്ള സ്കൂൾ മുറ്റത്ത് കൂടുന്നു. വൈകുന്നേരം ഓണക്കളിയും പുലിക്കളിയും കൂടിയാവുമ്പോൾ ഓണ ദിവസം അസ്തമിച്ചു തുടങ്ങുന്നു. പുലിക്കളി തൃശ്ശൂർ ഭാഗത്ത് മാത്രമൊതുങ്ങുന്നതാണെന്ന് തോന്നുന്നു. പുലി വേഷംകെട്ടിയ ചെറുപ്പക്കാരും കുട്ടികളും വീടുതോറും കയറിയിറങ്ങി നൃത്തം ചെയ്യുന്നു. ഒരു നിമിഷം കാട്ടിലെ പുലികൾ നാട്ടിൽ ഇറങ്ങിയോ എന്നു തോന്നിപ്പോകും. നാലോണത്തിന് (ചതയം നാൾ) തൃശ്ശൂർ ടൗണിലുള്ള പുലിക്കളി മത്സരം വളരെ പ്രസിദ്ധമാണ്. പല സംഘടനകളുടെയും വിവിധ ദേശക്കാരുടെയും നാനാ വർണ്ണങ്ങളിലുള്ള പുലികൾ ചേർന്നുള്ള ഉത്സവം ഞങ്ങൾ തൃശ്ശൂർക്കാർക്ക് ഒരിക്കലും മറക്കാൻ പറ്റാത്തതാണ്. അങ്ങനെ സന്തോഷവും സംതൃപ്തിയും സമ്മാനിച്ചുകൊണ്ട് ഓണക്കാലം കഴിയുമ്പോൾ ഉള്ളിലെവിടെയോ ഒരു വിഷാദം. ഇനി അടുത്ത കൊല്ലമാകണ്ടേ ഓണം വരാൻ.

വർഷങ്ങൾക്കു ശേഷം മൈലുകൾക്കകലെ ജപ്പാനിൽ ഓണമാഘോഷിക്കുമ്പോൾ നഷ്ടപ്പെട്ടു പോയ ബാല്യം തിരിച്ചു കിട്ടിയോ എന്നൊരു തോന്നൽ. കാരണം മലയാളക്കരയിൽ ഇന്ന് ഓണം മാവേലി സ്റ്റോറിലെ 'ക്യൂ' വിലും 'റിഡക്ഷൻ' വിൽപനയിലും, ഓണം ബമ്പറിലും, ഓണസ്സദ്യ പാക്കറ്റിലുമൊക്കെയായി ഒതുങ്ങിപ്പോകുന്നു. പക്ഷെ, ഇവിടെ ജപ്പാനിൽ അങ്ങോളമിങ്ങോളമുള്ള മലയാളികൾ ഒരുമിച്ച് ഒരുമേൽക്കൂരക്കുള്ളിൽ ഒത്തുചേരുന്നു. ആ ദിവസം മുഴുവൻ സന്തോഷം പങ്കുവെക്കുന്നു. മുരിങ്ങക്കായ സാമ്പാർ ഇല്ലെങ്കിലും കാരറ്റ് സാമ്പാറും, അവിയലും, പുളിശ്ശേരിയും പായസങ്ങളും ഇലയടക്കു പകരം 'റാപ്പ്' അടയും, പേപ്പർ പ്ളേറ്റ് തൂശനിലക്കു പകരവുമായാലും ഞങ്ങൾ സംതൃപ്തിയോടെ, സന്തോഷത്തോടെ ഓണമുണ്ണുന്നു. സദ്യക്കു ശേഷമുള്ള കലാപരിപാടികളിലും കളികളിലും സ്ത്രീ പുരുഷ ഭേദമന്യേ എല്ലാവരും പങ്കെടുക്കുന്നു. കയറിനേക്കാൾ ശക്തിയോടെ സിനിമാപ്പേരുകൊണ്ട് ഞങ്ങൾ വടംവലി നടത്തുന്നു. ഓണക്കളിയും കൂടിയാകുമ്പോൾ തിരുവോണം ജപ്പാനിൽ പൂർണ്ണമാകുന്നു. ഇതെല്ലാം കാണാൻ മാവേലിത്തമ്പുരാൻ ഇവിടെ 'ലാൻറ്' ചെയ്യുന്നതിൽ അത്ഭുതമില്ലല്ലോ.

---

ലക്ഷ്യങ്ങൾ കാലാനുസൃതമായി ഭേദപ്പെടുത്തേണ്ടി വരും, എങ്കിലും ചില ലക്ഷ്യങ്ങൾ എപ്പോഴും വ്യക്തമായി മുന്നിലുണ്ടായിരിക്കണം.

- ജവഹർലാൽ നെഹ്റു.

ആഗ്രഹങ്ങൾ നിയന്ത്രിക്കുന്നതിലാണ്, നിറവേറ്റുന്നതിലല്ല, സമാധാനം കുടികൊള്ളുന്നത്.

- ഹെബർ

# ഓണവും ഓർമകളും

ലാലി ബാബുകുട്ടി, ത്സുകുബ

[ലാലി പുനലൂരിനടുത്ത് കരവാളൂർ സ്വദേശിയാണ്. ടോക്യോവിലുള്ള റികിയോ യൂനിവേഴ്സിറ്റിയിൽ Research Associate ഉം, ത്സുകുബയിലുള്ള 'നിപ്പോൺ ഡാൻസോ'യിൽ ഗവേഷകയും ആയിരുന്നു. ഭർത്താവ് കൊട്ടാരക്കരയ്ക്കടുത്ത് അമ്പലക്കര സ്വദേശിയായ ബാബുക്കുട്ടി ത്സുകുബയിലെ National Institute for Advanced Interdisciplinary Research (NAIR) - ൽ ഗവേഷകനാണ്. മകൾ മെറില.]

ഓണത്തെപ്പറ്റി എല്ലാവർക്കും ഓർമ്മയുടെ ഇതളുകളിൽ നിന്നും ഇറുത്തുവയ്ക്കാൻ ചിലതെകിലും കാണും. സന്തോഷവും സങ്കടവും ഒക്കെ അതിലുണ്ടാകും. ഏടുകൾ മറിച്ചുചെന്നപ്പോൾ ഏറ്റവും പഴകിയ താളുകളിൽ കണ്ണുകൾ തടഞ്ഞു നിന്നു. പേജുകൾ കീറിയതാണെകിലും വ്യക്തമായ അക്ഷരങ്ങളിലുള്ള ആ സംഭവങ്ങളിൽ ഏതാനും ഇവിടെ കുറിക്കട്ടെ.

ജപ്പാനിലെ എന്റെ ആറാമത്തെ ഓണത്തിനു തയ്യാറെടുക്കുന്ന ഈ അവസരത്തിലും, എന്തോ ജനിച്ചു വളർന്ന കേരളത്തിന്റെ തനിമ കാത്തു സൂക്ഷിക്കണം എന്നു ഞാൻ വളരെ ആഗ്രഹിക്കുന്നു. സ്കൂൾ, കോളേജ് വിദ്യാഭ്യാസത്തിനു വേണ്ടി കൊച്ചു കേരളത്തിന്റെ തെക്കുമുതൽ വടക്കുവരെ സഞ്ചരിച്ചതിനിടയിൽ 'മണിപ്രവാളം' എന്നു വിശേഷിപ്പിക്കാവുന്ന ഒരു ഭാഷാശൈലിയും കൈവശമാക്കി.

കേരളീയർക്കെല്ലാവർക്കും കൂടി അവകാശപ്പെട്ടതെന്നു വിശേഷിപ്പിക്കാവുന്ന ഒന്നാണല്ലോ ഓണം. ഇന്നും 'നൊസ്റ്റാൾജിക്' ആയി പിൻതുടരുന്ന, കുട്ടിക്കാലത്തിലുള്ള ഏതാനും ഓണങ്ങളേ ഓർമ്മയിൽ അവശേഷിക്കുന്നുള്ളു. പരീക്ഷയുടെ ചൂടുമായി സ്കൂളിലേക്കു പോകുമ്പോൾ വഴിയരികിലുള്ള പ്രസന്നയുടെ വീട്ടുമുറ്റത്തെ അത്തപ്പൂക്കളമാണ് ഓണം വന്നു എന്നു എല്ലാവരേയും വിളിച്ചറിയിച്ചിരുന്നത്. കൂട്ടുകുടുംബമായിരുന്നതുകൊണ്ടാകാം അവിടുത്തെ നിറപ്പകിട്ടാർന്ന വലിയ പൂക്കളം കാണുന്നവരുടെയൊക്കെ കണ്ണുകൾ പിടിച്ചു പറ്റിയിരുന്നു. അതിന്റെ ഹരംകൊണ്ട് അവധി ദിവസങ്ങളിൽ അമ്മയുടെ അരിവട്ടിയും മോഷ്ടിച്ചുകൊണ്ട് പറമ്പിൽ പൂക്കളുമന്വേഷിച്ചു നടക്കുന്നത് ഇന്നും കുട്ടിക്കാലത്തെ ഓണത്തെപ്പറ്റിയുള്ള ഓർമ്മകളിൽ തങ്ങി നിൽക്കുന്നു.

സൂര്യരശ്മിയുടെ ലാഞ്ഛനം തട്ടുന്നതിനു മുമ്പു വാടിപ്പോകുന്ന തൊട്ടാവാടിയും, കാക്കപ്പൂവും, കാർത്തികപ്പൂവുമൊക്കെയായിരുന്നു അതിലെ പ്രധാന ഇനങ്ങൾ. മുറ്റത്തോ ഉമ്മറത്തോ ഇടാൻ അനുവാദമുണ്ടായിരുന്നില്ല (മുറ്റം ചീത്തയാക്കുമെന്നതു തന്നെ കാരണം!). പൂക്കളം ഇട്ടുതീരുന്നതുവരെ അമ്മ കണ്ടുപിടിക്കയും അരുത്, ആരെകിലും ഒരു നോക്കെകിലും കാണുകയും വേണമെന്ന ഉദ്ദേശത്തോടെ ഏതെകലും ഒരു കോലായിൽ വട്ടിയിലുള്ള പൂക്കൾ മുഴുവൻ നിരത്തിവെക്കും. പകുതിയിലധികം വാടിയ പൂക്കളായിരുന്നെകിലും അതുകാണുന്നതിലുള്ള ചാരിതാർത്ഥ്യം പറഞ്ഞു തീർക്കാൻ കഴിയില്ല.

സ്കൂൾ അവധിയാകുന്നതോടെ മുറ്റത്തെ പ്ളാവിലും പുളിമരത്തിലുമായി ഊഞ്ഞാലുകൾ കാത്തു കിടക്കും. വളവും തിരിവുമുള്ള കാട്ടുവള്ളികൊണ്ടുള്ള ഊഞ്ഞാലിൽ ആടുന്നത് ഒരു പ്രത്യേക അനുഭൂതിയായിരുന്നു. സദ്യക്കു പരിപ്പുണ്ടാക്കാനായി വറുത്തുവെച്ചിരിക്കുന്ന പയറും മോഷ്ടിച്ചുകൊണ്ടു ഊഞ്ഞാലിൽ കയറിയിരുന്നു "കള്ളവുമില്ല ചതിവുമില്ല; എള്ളോളമില്ല പൊളി വചനം" എന്നു ഉച്ചത്തിൽ പാടിയതിന്റെ അർത്ഥം ഇന്നു ശരിക്കും മനസ്സിലാകുന്നുണ്ട്.

ആണ്ടിൽ ആവോളം കളിക്കാൻ സമ്മതം കിട്ടിയിരുന്ന രണ്ടു മൂന്നു ദിവസങ്ങൾ ഓണാവധി ദിവസങ്ങൾ ആയിരുന്നു. അതിലുപരിയായി പഠിക്കാൻ നിർബന്ധിക്കാത്ത ദിവസങ്ങൾ എന്നതിനായിരുന്നു പ്രസക്തി. അടുത്തുള്ള സുഹൃത്തുക്കളേയുംകൂട്ടി നിലാവസ്തമിക്കുന്നതുവരെ കളിക്കണം എന്നു വിചാരിക്കുമെകിലും മാതാപിതാക്കളിൽനിന്നുള്ള 'റിട്ടേൺ കാളും' പ്രതീക്ഷിച്ചുകൊണ്ടുള്ള ആ നിമിഷങ്ങൾ വളരെ അരോചകമായിരുന്നു.

നമ്മുടെ നാട്ടിലെ ഓണക്കളികളിൽ പ്രസിദ്ധമാണല്ലോ തുമ്പിതുള്ളൽ, പശുവും പുലിയും കളി ആദിയായവ. ഞങ്ങളുടെ ഗ്രാമത്തിലും 'കൂത്താടി നടക്കുന്ന പെണ്ണുങ്ങൾ' എന്നു വിശേഷിപ്പിച്ചിരുന്ന ഏതാനും സ്ത്രീകളുടെ കുത്തകയായിരുന്നു ഈ ഇനങ്ങൾ. ചെറിയ കുട്ടികളെ കളിക്കാൻ അനുവദിച്ചിരുന്നില്ലെകിലും കണ്ടു നിന്നാൽ മതി,ഓണത്തിന്റെ 'ത്രിൽ' ശരിക്കും കിട്ടുമായിരുന്നു. പിന്നെ കൈയുടെ അറ്റത്തെങ്ങാനും ഒന്നു പിടിച്ചുനിൽക്കാൻകൂടി അനുവദിച്ചാൽ ആ വർഷത്തെ ഓണം പൊടിപൊടിച്ചു.

ഒരു വിദേശിക്കു പെട്ടെന്നു സൊസൈറ്റിയിൽ അലിഞ്ഞുചേരാനോ, ഉത്സവങ്ങളിലോ ആഘോഷങ്ങളിലോ പങ്കുചേരാനോ കഴിയാത്ത ജപ്പാൻപോലുള്ള രാജ്യത്തു താമസിക്കുന്ന നമ്മുടെ കുട്ടികൾക്കു നഷ്ടമാകുന്നതും ഇതുപോലുള്ള ഏതാനും വാസന നിറഞ്ഞ പൂവിതളുകളാണല്ലോ എന്നോർക്കുമ്പോൾ മനസ്സിൽ എവിടെയോ ചെറിയൊരു നൊമ്പരം.

---

കൊള്ളിക്കിഴങ്ങിൻ മൊളുഷ്യംപോൽ മന്തനായ്
മറ്റൊരു കൂട്ടാനുമില്ല മന്നിൽ
ഒട്ടുമേ ദേഷ്യപ്പെടാതെ പിണങ്ങാതെ
യുള്ളതാം പ്രേമം പോലാണതോർത്താൽ

-കുഞ്ഞുണ്ണി

## ഓണവും ഓർമകളും

സേതു വിജയകുമാർ

[സേതു ടോക്യോ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ കമ്പ്യൂട്ടർ സയൻസിൽ ഗവേഷണ വിദ്യാർത്ഥിയാണ്. സേതുവിൻെറ മാതാപിതാക്കളും - അച്ഛൻ ശ്രീ. വിജയകുമാർ, അമ്മ ശ്രീമതി ഇന്ദിര - അനിയത്തി സ്മിതയും ബറോഡയിൽ താമസിക്കുന്നു]

ഓണം, എനിക്കെന്നും മുകളിൽ കണ്ണു ചിമ്മുന്ന ആ തിളങ്ങുന്ന നക്ഷത്രം പോലെയായിരുന്നു. പുസ്തകത്തിൻെറ താളുകളിലൂടെ ഓരോ ചലനവും പരിചിതം; രാത്രിയിൽ ദിവസവും നേർക്കുനേർ കാണുന്നു. എങ്കിലും പ്രകാശവർഷങ്ങളുടെ ദൂരം സൃഷ്ടിക്കുന്ന അപ്രാപ്യതയുടെ ഇളം നീലിമ.

ഓണത്തെക്കുറിച്ചുള്ള ഏറ്റവും വ്യക്തമായ ഓർമ മലയാള ഗാനങ്ങൾകൊണ്ടു മുഖരിതമായ നീണ്ട പൂർവാഹ്നങ്ങളാണ്. മലയാളി സുഹൃത്തുകളുടെ മുഖത്തെ ആപ്രസാദ ഭാവം, എന്തോ, അന്നു കൂടുതലായി തോന്നാറുണ്ട്.

ഫ്രോസൺ നേന്ത്രക്കായും ഏതൊക്കെയോ പച്ചക്കറികളുടെ അഭാവം പ്രകടമാവുന്ന അവിയലും, മുരിങ്ങക്കായയില്ലാത്ത സാമ്പാറും, ഓണത്തിൻെറ പൂർണതക്ക് കുറച്ചെങ്കിലും ഭാവന അനിവാര്യമാക്കുന്നു. എങ്കിലും ആകെ, ആ ദിവസം, പാടങ്ങളും കായലുകളും തെങ്ങും നിറഞ്ഞ, വർഷത്തിലൊരിക്കൽ മാത്രം കാണാറുള്ള ആ ഹരിതഭൂമിയിലേക്ക് കൊണ്ടുപോകുന്നതായി തോന്നാറുണ്ട്. അങ്ങനെ, ഓണത്തിന് എന്നും സാങ്കല്പികതയുടെ ഒരു സ്പർശമുണ്ടായിരുന്നതായി തോന്നും.

ചെറുപ്പത്തിൽ എനിക്ക് ഓണവും വിഷുവും തമ്മിൽ പലപ്പോഴും മാറിപ്പോകാറുണ്ട്. ഇതിനു പ്രതിവിധിയായി കണ്ടെത്തിയത് "ഓണം സമം പായസം" എന്നും "വിഷു സമം പടക്കം" എന്നുമുള്ള സൂത്രവാക്യങ്ങളാണ്. ഒരു കുട്ടിയുടെ മനസ്സിൽ തോന്നിയ ഏറ്റവും സ്വാഭാവികമായ ഒരു പോംവഴി മാത്രമാണിതെന്ന് സമാധാനിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും, ഇപ്പോഴും ഞാൻ ആ തലത്തിൽ നിന്ന് വളരെയൊന്നും വ്യത്യസ്തമല്ലെന്ന് ഇടയ്ക്ക് തോന്നാറുണ്ട്.

അമർ ചിത്ര കഥകളും ഇടക്കെല്ലാം അമ്മ പറയാറുള്ള കഥകളുമാണ് ഓണത്തിൻെറ ഐതിഹ്യത്തെക്കുറിച്ചുള്ള എൻെറ അറിവ്. അച്ഛനുമമ്മയും ബാല്യകാലത്തെ ഓണത്തെക്കുറിച്ച് പറയാറുണ്ട്. ദിവസങ്ങൾക്കുമുൻപ് തുടങ്ങുന്ന തയ്യാറെടുപ്പിനെക്കുറിച്ച്, കാട്ടുപൂക്കളെക്കൊണ്ടുണ്ടാക്കുന്ന കളങ്ങളെക്കുറിച്ച്, മണ്ണുകൊണ്ടുള്ള കോണാകൃതിയിലുള്ള പ്രതിമയെക്കുറിച്ച്, വിപുലമായ വിഭവങ്ങളെക്കുറിച്ച്, പുതുവസ്ത്രങ്ങളെക്കുറിച്ച്.

പുതുമോടിയിലുള്ള ജീൻസിനും ഷർട്ടിനുമായി വാശിപിടിയ്ക്കുമ്പോൾ അച്ഛനുമമ്മയും പറയുന്നു:"ഞങ്ങളുടെ കുട്ടിക്കാലത്ത് വർഷത്തിലൊരിക്കൽ ഓണത്തിനു മാത്രമേ പുതുവസ്ത്രങ്ങൾ കിട്ടിയിരുന്നുള്ളൂ.."(കഴിഞ്ഞാഴ്ചയാണ് ഞാൻ പുതിയൊരു സെറ്റ് വാങ്ങിയത്). "ഇതുപോലെ എന്നും പുതുവസ്ത്രങ്ങൾ വാങ്ങി ഓണം ആഘോഷിക്കുന്നതിനോളം രസമെന്തുണ്ട്?" എന്തുകൊണ്ടോ മറുപടി മനസ്സിൽ തന്നെ വെച്ചു.

## പ്രതികരണം

അയച്ച കത്തുകളും താളിയോലയും സസ്നേഹം കൈപ്പറ്റി. ശ്രീ ശങ്കരനാരായണൻെറ പത്രാധിപക്കുറിപ്പുകൾ (ലേഖനങ്ങൾ)വളരെ ശ്രദ്ധേയമാണ്. താളിയോല തികച്ചും സമർത്ഥൻമാരുടെ കരങ്ങളിൽ തന്നെയാണ് എന്ന് അറിയിക്കുവാൻ സന്തോഷമുണ്ട്. വായിക്കുമ്പോൾ ഞാൻ നിങ്ങളുടെ നടുവിൽ നിൽക്കുന്ന പ്രതീതി! ഇത്തരം അനുഭൂതികളാണല്ലോ ഈ പ്രകാശനങ്ങളെക്കൊണ്ട് ഉദ്ദേശിക്കുന്നത്.

- വിജയകുമാർ, ബറോഡ

താളിയോലയുടെ നാലാം ലക്കം കിട്ടി. ഇനി ഇത് കേരളത്തിലും പ്രചാരമർഹിക്കുന്നു എന്നു തോന്നുന്നു. ഈ വഴിക്കു ആലോചിക്കുന്നത് നന്നായിരിക്കും. ജപ്പാൻെറ പ്രകൃതിയോടുള്ള സമീപനവും അവരുടെ പുരോഗതിയും അപഗ്രഥിക്കുന്ന ലേഖനങ്ങൾ ഇനിയും വായിക്കാനാഗ്രഹിക്കുന്നു. തോമസ്സാനുമായുള്ള അഭിമുഖം രസകരമായിരുന്നു. മുഖചിത്രത്തിലെ നായനാർ (?) അത്ര ശരിയായിരുന്നില്ല.

- പ്രൊഫ. എം.ജി.എസ്. നാരായണൻ
കോഴിക്കോട്

താളിയോലയുടെ വിജയത്തിന് അഭിനന്ദനങ്ങൾ! നാട്ടിലും പുറത്തുമുള്ള മലയാളികൾക്കുവേണ്ടി താളിയോലക്ക് പലതും ചെയ്യാൻ കഴിയും. ഉപരിപഠനത്തിനും തൊഴിലിനുമായി ഇവിടെക്കു വരാനുള്ള സാധ്യതകളെക്കുറിച്ചുള്ള വിവരങ്ങൾ സഹായകരമായിരിക്കും. (ഇവിടുത്തെ ജീവിതത്തിൻെറ പ്രായോഗിക വശത്തെക്കുറിച്ചും).

റോബി, ഓസക്ക

[വളരെ കൃത്യമായി പ്രതികരണമറിയിക്കുന്നതിൽ റോബി ശ്രദ്ധിക്കുന്നു. റോബിയുടെ പല നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിനുവേണ്ടി ശ്രമിച്ചു വരുന്നുണ്ട്. - നന്ദി, റോബിസാൻ]

## ഓണവും ഓർമകളും

ശ്രീജാകുമാരി

[ശ്രീജ ന്യൂ ടോക്യോ ഡെൻറൽ കോളേജിൽ ഡെൻറൽ ടെക്നോളജി വിദ്ധ്യാർത്ഥിനിയാണ്. ശ്രീജയുടെ മാതാപിതാക്കളും - അച്ഛൻ പ്രഭാകരൻ പിള്ള, അമ്മ സുമതി - അനിയൻ ശ്രീജിത്തും ഡൽഹിയിലാണ് താമസം]

ലോകത്തെമ്പാടുമുള്ള മലയാളികളുടെ ഇടയിൽ കൊണ്ടാടപ്പെടുന്ന ഓണം പണ്ടെങ്ങോ മറഞ്ഞുപോയ ധർമ്മനീതിയുടെയും സമ്പൽസമൃദ്ധിയുടെയും മധുരമായ ഒരു ഓർമ്മ പുതുക്കലാണ്. ജീവിതത്തിൻെറ ഏറിയപങ്കും കേരളത്തിനു പുറത്തുകഴിഞ്ഞ എനിക്ക് ഓണത്തിനെക്കുറിച്ച് അറിയാൻ സാധിച്ചത് മറുനാടൻ മലയാളികളുമായിട്ടുള്ള സഹവർത്തിത്വത്തിൽനിന്നാണ്. ഡെൽഹിയിലെ കേരള സ്കൂളിലെ ഓണാഘോഷം ഇന്നും ഓർമ്മയിൽ മായാതെ കിടക്കുന്ന ഒരനുഭവമാണ്. തിരുവോണത്തിന് രണ്ടുമൂന്നു ദിവസം മുമ്പുതന്നെ സ്കൂളിൽ ഓണം ആഘോഷിക്കാറുണ്ടായാരുന്നു. കുട്ടികളും ടീച്ചർമാരും ഓണക്കോടിയുടുത്ത് ആഘോഷങ്ങളിൽ പങ്കെടുക്കും. നിലവിളക്കു കൊളുത്തിക്കഴിഞ്ഞാൽ ആരംഭിക്കുന്ന പരിപാടികളിൽ വഞ്ചിപ്പാട്ട്, മഹാബലിയെക്കുറിച്ചുള്ള പ്രസംഗം, തിരുവാതിരക്കളി, ഒപ്പന തുടങ്ങിയ കലാപരിപാടികൾ അരങ്ങേറുമായിരുന്നു. ഓണക്കോടിയുടുത്ത് നെറ്റിയിൽ ചന്ദനവും ചാർത്തി റേഡിയോയിൽനിന്ന് ഒഴുകിവരുന്ന ഓണപ്പാട്ടും കേട്ട് ഇരിക്കുന്നത് അവർണ്ണനീയമായ അനുഭൂതിയാണ്. രുചികരമായ കറികളും, കേരള സ്റ്റോറിലെ 'ബനാന' ചിപ്പ്സും ചെറുതും വലുതുമായ പപ്പടങ്ങളും വാഴയിലയിൽ നിരത്തി വെച്ചിരിക്കുന്നത് എളിമയുടെയും സമ്പൽസമൃദ്ധിയുടെയും സംഗമമാണ്. നാവിൽ വെള്ളമൂറുന്ന അടപ്പായസം സദ്യക്ക് മകുടം ചാർത്തുന്നു. അങ്ങിനെ സമൃദ്ധമായ സദ്യയും, ഓണപ്പരിപാടികളും കഴിഞ്ഞാൽ, വീണ്ടും നഗരത്തിൻെറ യാന്ത്രിക ലോകത്തേക്ക് മടങ്ങും.

ഞാൻ കേരളത്തിലെ ഓണത്തിനെക്കുറിച്ച് ധാരാളം കേട്ടിട്ടുണ്ട്. ഡെൽഹിയിൽനിന്ന് വ്യത്യസ്തമായി, സമയപരിമിതികളില്ലാതെ കൊണ്ടാടപ്പെടുന്ന ആഘോഷങ്ങൾ - ഊഞ്ഞാലാട്ടവും കൈകൊട്ടിക്കളിക്കുന്ന സുന്ദരികളും എല്ലാമൊരു മുത്തശ്ശിക്കഥമാതിരി - ഡെൽഹിയിലെ യാന്ത്രികലോകത്തിൽ ചിന്തിക്കാൻ പോലും കഴിയില്ല. ടോക്യോയിലെ ഓണാഘോഷം ഡെൽഹിയിൽനിന്നും വളരെ വ്യത്യസ്തമായ ഒരനുഭവമാണ്. ആഗോളവൽക്കരണത്തിൻെറ ഈ കാലഘട്ടത്തിൽപോലും ഒരേ സാംസ്കാരിക മൂല്യങ്ങൾ പങ്കുവെക്കുന്ന ജനതതിക്കുമാത്രം മനസ്സിലാക്കാൻ പറ്റുന്ന പലകാര്യങ്ങളുമുണ്ടെന്ന് ഓണം നമ്മെ ഓർമ്മിപ്പിക്കുന്നു.

## മിന്നാമിനുങ്ങുകൾ

ശശി മേനോൻ

[ശശി മേനോൻ കാസർകോട് ജില്ലയിലെ നീലേശ്വരം സ്വദേശിയാണ്. ഇപ്പോൾ ഒരു ജാപ്പനീസ് കമ്പനിയിൽ ജോലി ചെയ്യുന്നു.]

I

അന്ധകാരത്തിൽ കരിന്തിരിപോൽ
ഞാനെരിഞ്ഞടങ്ങവെ! എന്തിനായ്
മിന്നാമിനുങ്ങേ, മനസ്സിൽ ജ്വലിച്ചു നീ
തുറക്കുകില്ലാ എൻ മനമൊരിക്കലും
ചിരിക്കുവാനായ്
പൊറുക്കുകെൻ മിന്നാമിനുങ്ങെ മറക്കുവാനായ്.

ഒരായിരം ഓർമ്മകൾ മരിച്ചൊരീ മസ്തിഷ്ക-
മതിൽക്കെട്ടിൽ മരണത്തെ മുഖാമുഖം
കണ്ടു ഞാൻ കൈനീട്ടവെ! വെന്തു -
കരിഞ്ഞൊരീ വികൃതമാം മുഖം കണ്ടു വെട്ടി-
ത്തിരിഞ്ഞോടിയകലുന്നു മൃത്യുപോലും.

അകലെ - സന്ധ്യാ ചക്രവാളത്തിലെങ്ങോ-
മുഴങ്ങി - മൃത്യുതൻ പൊട്ടിച്ചിരി
മനുഷ്യാ - തിരിച്ചു പോകൂ ഗർഭ ഗൃഹത്തി-
ലേക്കു തനിച്ചു നീ.

ബാല്യ കൗമാരത്തിലാഞ്ഞടിച്ചൊരീ
കൊടുകാറ്റാളിപ്പടരുന്നു നിർലോഭം
യൗവനത്തിലും, നിനക്ക് നന്ദി വാർദ്ധക്യമേ
ഇല്ല വേണ്ടൊരു ഭാസുര വാർദ്ധക്യം
ഇല്ല വേണ്ടൊരു പുനർജ്ജൻമമൊരിക്കലും

II

"പുതുമഴ വീണു നനഞ്ഞൊരീ മണ്ണിൽ-
പുളകക്കൊടികളുതിർന്നപ്പോൾ
കുളിരും കോരിയിരിപ്പാണിവിടെ-
തളിരണിയുന്നൊരു ഹൃദയങ്ങൾ"

നിറഞ്ഞ പ്രതീക്ഷകളോടെ ജീവിതത്തിൻെറ അർത്ഥവത്തായ വഴിത്തിരിവിലേക്ക് കരളുരുമ്മി കടന്നു വരുന്ന യുവഹൃദയങ്ങളെ - കാലത്തിൻെറ കരുത്തുറ്റ കൈകളിൽ കിടന്നുള്ള നിങ്ങളുടെ പ്രവർത്തനം ക്ഷേമ രാഷ്ട്രത്തിൻെറ പുരോഗതിക്ക് ഉതകുമാറാകട്ടെ.

ഓണാശംസകളോടെ,
ശശി മേനോൻ

മനസ്സിൻെറ സമ്പന്നതയാണ് ദേഹത്തിന് ചൈതന്യം നൽകുന്നത്.

-ഷേക്സ്പിയർ

# പുനഃസമാഗമം

അബ്ദുൽ റഹീം

[റഹീം പത്തനാപുരം സ്വദേശിയാണ്. ഹിരോഷിമ യൂനിവേഴ്സിറ്റിയിൽ നിന്നും ഡോക്റ്ററേറ്റ് എടുത്തതിനുശേഷം ഇപ്പോൾ ClassNK യിൽ സർവേയർ ആയി ജോലി നോക്കുന്നു. ഭാര്യ മഞ്ജു. മക്കൾ ഷാര, ആലിഷ.]

ഷികാൻസെൻ * ഹിഗാഷി-ഹിരോഷിമ സ്റ്റേഷനിൽ ചെന്നുനിന്നു. ചുറ്റും നോക്കി. ചിരപരിചിതമായ മലകളും അങ്ങു ദൂരെ പച്ചപ്പിൽ ഒരു വെള്ളപ്പൊട്ടുപോലെ ഗ്രാൻറ് ഹോട്ടലും. എത്രയോ തവണ ഇതേ കാഴ്ച കണ്ടിരിക്കുന്നു.

മണ്ണിൻേറയും പാകമായിക്കിടക്കുന്ന സ്വർണ്ണ വർണക്കതിരുകളുടേയും സൗരഭ്യം പേറുന്ന കാറ്റ്. ടോക്യോയിൽ ഒരിക്കൽപോലും പുൽകാൻ കഴിഞ്ഞിട്ടില്ലാത്ത ഒരനുഭൂതി. അതിന് ടോക്യോയിൽ കോൺക്രീറ്റ് കാടുകളല്ലേ ഉള്ളൂ.

"ഝില്ലിത്ഝങ്കാര നാദമണ്ഡിതമ"ല്ലെങ്കിലും ചീവിടുകളുടെ ച്ചെയാൽ സജീവം. "സർവ്വപത്ര വിക്ഷേപണ വനനിബിഡ"മല്ലെങ്കിലും പൈൻ മരക്കാടുകളാൽ സമൃദ്ധം. വളരെനാൾ കൂടി പട്ടണത്തിൽനിന്നും നാട്ടുമ്പുറത്തേക്ക് എത്തിയ പ്രതീതി. ഈ ജപ്പാനിലും അത് അനുഭവപ്പെട്ടു.

ഹിഗാഷി ഹിരോഷിമയിൽനിന്നും മുപ്പത്തഞ്ചു കിലോമീറ്റർ പടിഞ്ഞാറാണ് ഹിരോഷിമ നഗരം. അടുത്ത സുഹൃത്തായ ഉനൊസാനെ സന്ദർശിക്കാൻ ഹിരോഷിമയിലെ ആശുപത്രിയിൽ പോയി. ഹിരോഷിമയിൽ ഉണ്ടായിരുന്നപ്പോൾ വളരെ അടുത്തിടപഴകിയ സുഹൃത്ത്. "Scientific Cultural Preservation Society" യുടെ ഡയരക്റ്റർ. ഇപ്പോൾ അദ്ദേഹം ഒരുവശം തളർന്ന് ആശുപത്രിയിലാണ്. കാരണം 'കരോഷി'. അമിതാധ്വാനം മൂലം പെട്ടന്നുണ്ടാകുന്ന അത്യാഹിതം. വളരെയധികം ഊർജ്ജസ്വലനായിരുന്ന അദ്ദേഹത്തെപ്പറ്റി ഓർത്തപ്പോൾ ശരിക്കും ജീവിതത്തിൻെറ അർത്ഥമില്ലായ്മയെപ്പറ്റിയാണ് ഓർത്തത്. അദ്ദേഹത്തിൻെറ വീട്ടിൽ പോയിരുന്നു. നാട്ടിലെ നശിക്കുന്ന തറവാടുപോലെ, ആൾ സഞ്ചാരം അധികമില്ലാതെ കുറ്റിച്ചെടികൾ വളരുന്ന മുറ്റവും, കാടാൽ മൂടപ്പെട്ട അകണത്തിലെ "ചാഷിത്സു" (Tea Room) വും. ആ വീടിൻെറ താഴത്തെ നിലയിൽ ഒരു വലിയ സ്റ്റേജാണുള്ളത്. കാൽപ്പെരുമാറ്റമില്ലാതെ അടിച്ചുവാരലില്ലാതെ പൊടിയുടെ നേരിയ പടലമണിഞ്ഞ സ്റ്റേജ്. എത്രയോ കാഴ്ചകൾ കണ്ട ആ സ്റ്റേജും ആ ഭിത്തികളും നിർവ്വികാരരായി നോക്കുന്നതുപോലെ തോന്നി.

1988-ൽ ജപ്പാനിൽ നടന്ന ഇന്ത്യൻ ഫെസ്റ്റിവലിൻെറ ഭാഗമായി കേരളത്തിൽ നിന്നും ചാക്യാർ കൂത്തും ഉണ്ടായിരുന്നു. അമ്മന്നൂർ മാധവ ചാക്യാരുടെ നേതൃത്വത്തിൽ. ഉനൊസാൻ അവരെ പ്രത്യേകം ഹിരോഷിമയിലേക്ക് ക്ഷണിച്ചു വരുത്തി. ആ സ്റ്റേജിൽ മാധവ ചാക്യാർ കൂത്തിനെപ്പറ്റി അഭിനയിച്ച വതരിപ്പിച്ചത് ഇപ്പോഴും ഓർമ്മയിൽ തങ്ങിനിൽക്കുന്നു. ഹിരോഷിമയിലെ കലാസാംസ്കാരിക മണ്ഡലത്തിലെ പ്രഗൽഭരെല്ലാം എത്തിയിട്ടുണ്ടായിരുന്നു അതു കാണാൻ. അതൊടൊപ്പം തന്നെ ജപ്പാനിലെ ഒരു നാടൻ കലയായ 'കഗുറ' യുടെ ഒരു അരങ്ങേറ്റവും ഉണ്ടായിരുന്നു. ചാക്യാർ കൂത്തിലെ അംഗങ്ങൾക്ക് കാണാൻ വേണ്ടി. (കഗുറയിൽ ചുവടുവയ്പുകളും ശരീര ചലനങ്ങളുമാണ് പ്രധാനം.)

ഹിരോഷിമയും കൊച്ചിയും തമ്മിൽ ഒരു സഹോദര നഗര ധാരണ ഉണ്ടാക്കാൻ വേണ്ടി അദ്ദേഹം പരിശ്രമിച്ചിരുന്നു. അതിനുവേണ്ടി അദ്ദേഹം ഒരു മൂന്നംഗ സംഘത്തെ നയിച്ച് കൊച്ചിയിൽ പോയിരുന്നു. പക്ഷേ അത് പൂർത്തിയാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. കൊച്ചിയിലെ അധികാരികൾക്കുവേണ്ടിയിരുന്നത് മറ്റെന്തൊക്കെയോ ആയിരുന്നു. വിവരണം ഇവിടെ അസാദ്ധ്യമാണ്.

ഹിരോഷിമയിലെ അഞ്ചു ദിവസങ്ങൾക്കുശേഷം ടോക്യോയിലേക്ക് മടങ്ങുമ്പോൾ എന്തോ നഷ്ടപ്പെട്ടതുപോലെ. ഷികാൻസെനിൽ ഇരിക്കുമ്പോൾ ഉനൊസാനെപ്പറ്റിയുള്ള ചിന്തകളാൽ മനസ്സ് നിറഞ്ഞിരുന്നു. കണ്ണടക്കുമ്പോളൊക്കെ അദ്ദേഹത്തിൻെറ ഓർമ്മകൾ പേറുന്ന രംഗങ്ങൾ അന്തരംഗത്തിൽ തെളിഞ്ഞു വന്നു. കൂട്ടത്തിൽ കുമാരനാശാൻെറ വരികളുടെ പാരഡിയും ഓർത്തുപോയി.

"ഹാ <u>മനുഷ്യാ</u> അധികതുംഗ പദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു <u>രാജാവു</u> കണക്കയേ നീ
ശ്രീ ഭൂവിലസ്ഥിരം അസംശയം ഇന്നു നിൻെറ
ഹാ ഭൂതിയെങ്ങു പുനരെങ്ങു കിടപ്പിതോർത്താൽ"

* Bullet Train

---

എബിസീഡിയിലുണ്ടൊരു തത്ത്വം
കാലത്തിൻ തത്ത്വം
എഡിക്കുള്ളിൽക്കിടപ്പൂ ബീസി
എന്നാണതത്ത്വം

ആറാംദിവസം ദൈവം
മണ്ണാൽ സൃഷ്ടിച്ചു മർത്ത്യനെ
ഏഴാം ദിവസം മർത്ത്യൻ
കല്ലാൽ ദൈവത്തെയും തഥാ

-കുഞ്ഞുണ്ണി

# തെക്കൊക്കു നി ഷിഗോത്തോ അരിമസ് കാ?

അബ്ദുൽ മജീദ് കളത്തിൽ

"ദൈവ സന്ദേശങ്ങൾ തടയാൻ ഉദ്ദേശ പൂർവം സാത്താൻ രൂപപ്പെടുത്തിയതാണ് ജപ്പാനീസ് ഭാഷ." മിഷനറി പ്രവർത്തനങ്ങൾക്കായി ജപ്പാനിലെത്തിയ ജസ്യൂട്ട് പാതിരി 17-ാം നൂറ്റാണ്ടിൽ റോമിലേക്കെഴുതിയത് ഇങ്ങനെയായിരുന്നു. രണ്ടുമൂന്നു തരം ലിപികളും ചിത്രങ്ങളുംകൊണ്ട് വികൃതമാക്കപ്പെട്ട 'നിഹോംഗോ' ഒരു തരത്തിലും വഴങ്ങാതിരിക്കുമ്പോൾ മറ്റാരെയാണ് കുറ്റപ്പെടുത്തേണ്ടത്. ജപ്പാനികളുടെ സ്വഭാവവും ജീവിതരീതിയും അന്നത് സാക്ഷ്യപ്പെടുത്തുകയും ചെയ്യുമായിരുന്നു. എന്നാൽ ഇന്നെല്ലാം മാറി. നിഹോംഗോ പഠിച്ച വിദേശികൾ ധാരാളം. പഠിക്കാനാഗ്രഹിക്കുന്നവർക്ക് പുസ്തകങ്ങളും കാസറ്റുകളും മറ്റു സൗകര്യങ്ങളും സുലഭം. മറ്റൊരു ഭാഷയും അറിയാത്ത ജപ്പാനികൾ ഇന്ന് ഇംഗ്ലീഷ്, ഫ്രഞ്ച്, സ്പാനിഷ് തുടങ്ങിയ ഭാഷകൾ പഠിക്കുന്നു. പുറം ലോകത്തിന്റെ സംസ്കാരവും ജീവിതരീതിയും പകർത്തുന്നു. എന്തും അറിയാനും ഉൾക്കൊള്ളാനുമുള്ള ത്വര മദ്ധ്യവയസ്കരിലും യുവാക്കളിലും പ്രകടമാണ്.

ബുദ്ധ, ഷിന്തോ മതങ്ങളാണ് ജപ്പാനിലെ പ്രമുഖ മതങ്ങൾ. അതിമനോഹരങ്ങളായ അമ്പലങ്ങളും വിഹാരങ്ങളും ജപ്പാനിലെങ്ങും കാണാം. ലോകത്തേക്കും വലിയ ബുദ്ധപ്രതിമകൾ പട്ടണങ്ങൾക്ക് അലങ്കാരമായി നിൽക്കുന്നുണ്ടെങ്കിലും അവ ജനങ്ങളിൽ നേടിയ സ്വാധീനം പരിമിതമാണ്. ദൈവത്തെക്കുറിച്ചോ ധാർമിക മൂല്യങ്ങളെക്കുറിച്ചോ ആരും ശ്രദ്ധിക്കാറില്ല. ജോലിയും സുമോ, ബേസ്ബോൾ, കോമിക്കുകൾ തുടങ്ങിയ ഇഷ്ട വിനോദങ്ങൾക്കുമപ്പുറം ശരാശരി ജപ്പാനികൾ ശൂന്യരാണ്. ശക്തമായ ദൈവബോധം സൃഷ്ടിച്ച് ഈ ശൂന്യത നികത്തുന്നതിലാണ് നിന്റെ വൈഭവം പ്രകടിപ്പിക്കേണ്ടത്. മുമ്പ് ജോൺ കൊന്നക്കാടനെ യാത്രയാക്കിയപ്പോഴും ഞാനിതൊക്കെ പറഞ്ഞിരുന്നു. വളരെ സമർഥനായിരുന്ന അദ്ദേഹം അവിടെ ചെന്ന് കുറച്ചു കാലം നിരന്തരം ബന്ധപ്പെടുകയും ചെയ്തിരുന്നു. പിന്നീട് യാതൊരു വിവരവുമില്ല. ജപ്പാനിലെത്തിയാൽ കഴിയുന്ന സാധ്യതകളുപയോഗിച്ച് അന്വേഷിച്ച് നോക്കുക. കണ്ടെത്തിയാൽ നിനക്ക് സഹായകമായേക്കും. ഭാഷയുടെ പ്രാധാന്യം ഒന്നു കൂടി ഓർമിപ്പിക്കുന്നു - മംഗളം".

ഫാദർ ജോർജ്ജ് കൊയ്‌ലത്തിരി പറഞ്ഞു നിർത്തി. അനുഗ്രഹിച്ചു. വിശദമായിത്തന്നെ ജപ്പാൻ പരിചയപ്പെടുത്തപ്പെട്ടെങ്കിലും മനസ്സു നിറയെ ആശങ്കകളായിരുന്നു. ഏൽപ്പിക്കപ്പെട്ട ഉത്തരവാദിത്വം വലുതെന്ന ബോധം എന്നെ അലട്ടി. കൊയ്‌ലത്തിരിയുടെ പ്രസംഗത്തിൽ അടിവരയിട്ട ഭാഗങ്ങളത്രയും മനസ്സിൽ സജീവമാക്കി നിർത്തി ഞാൻ ഉറച്ച കാൽവെപ്പുകളോടെ മുന്നോട്ട് നടന്നു.

എന്നാൽ ജപ്പാനിലിറങ്ങിയപ്പോൾ സംഗതികൾ വളരെ വ്യത്യസ്തമായിരുന്നു. നിറയെ പള്ളികൾ, മിഷനറിമാർ. തെരുവു നിറയെ കുരിശു ധാരികളായ സ്ത്രീപുരുഷൻമാർ. ആനന്ദലബ്ധിക്കിതേറെയായിരുന്നു. ക്രിസ്മസിനു പൂത്തു നിറഞ്ഞ ആഘോഷങ്ങൾ എന്നിൽ ആഹ്ളാദം പരത്തി. ആത്മവിശ്വാസവും നിറഞ്ഞ പ്രതീക്ഷയുമായി ഞാൻ ജോൺ കൊന്നക്കാടനെ അന്വേഷിച്ചിറങ്ങി.

പള്ളിയിൽനിന്നും കിട്ടിയ വിവരമനുസരിച്ച് 'ഷിൻജുക്കു' റെയിൽവെ സ്റ്റേഷനിൽ എത്തി. ഇലക്ട്രോണിക് യന്ത്രത്തിൽ ടിക്കറ്റു നിക്ഷേപിച്ച് പുറത്തു കടന്നു. കൊന്നക്കാടന്റേതെന്നു പറഞ്ഞ നമ്പറിൽ ഡയൽ ചെയ്തപ്പോൾ ഒരു കുട്ടിയായിരുന്നു ഫോണെടുത്തത്. "ജോൺസാൻ ഇറശയ്മസ് കാ?" ഞാൻ ജപ്പാനിയിൽ തന്നെ കൊന്നക്കാടനെ അന്വേഷിച്ചു. "ഹൈ", കുട്ടി അകത്തേക്കു വിളിച്ചു പറയുന്നതു കേട്ടു. "പപ്പാ, ദെൻവ".

അതിസമർഥനെന്നു കൊയ്‌ലത്തിരി പരിചയപ്പെടുത്തിയ മിഷനറിക്കു കുടുംബമോ? ഞാൻ അതിശയിച്ചു. ഏതായാലും നേരിട്ടു കാണുമ്പോൾ എല്ലാം ആരായാം. ഞാനദ്ദേഹത്തിന്റെ "അപ്പാർട്ടി"ലെത്തി. ഭാര്യയും മകളുമടങ്ങുന്ന കുടുംബം എന്നെ സ്വീകരിച്ചിരുത്തി. പ്രാഥമികമായ നാട്ടുവർത്തമാനങ്ങൾക്കു ശേഷം ഞാൻ വിഷയത്തി ലേക്കു കടന്നു. മിഷനറി പ്രവർത്തനങ്ങളുടെ ഭാവിയും പുരോഗതിയുമായിരുന്നു വിഷയം. ഞാനെന്റെ ജ്ഞാനത്തിന്റെ വ്യാപ്തി മുഴുവൻ അദ്ദേഹത്തിന്റെ മുന്നിൽ തുറന്നിട്ടു.

ഏറെ കേട്ടതിനുശേഷം അദ്ദേഹം പറഞ്ഞു. "ഇതൊക്കെ ശരിതന്നെ" എന്നാൽ ഇവിടെ നിങ്ങൾ അവശ്യം പഠിച്ചിരിക്കേണ്ട മറ്റുചില പാഠങ്ങളുണ്ട്. ഞാനിവിടെയെത്തിയത് പന്ത്രണ്ട് വർഷങ്ങൾക്കു മുമ്പാണ്. എയർ പോർട്ടിൽനിന്നും പുറത്തു കടന്നപ്പൊഴേ മനസ്സു നൊന്തു. ദൈവഹിതത്തിനു വിപരീതമായിരുന്നു എല്ലാ കാഴ്ചകളും. മദ്യവും തത്സംബന്ധമായ തിൻമകളും അരങ്ങു വാഴുന്നു. എന്നാൽ ജനങ്ങൾ ശാന്തരും അനുസരണശീലരുമാണെന്ന അറിവ് എന്നിൽ പ്രതീക്ഷയുണർത്തി. ഇതു തന്നെയാണെന്റെ കർമഭൂമിയെന്നും ഞാൻ മനസ്സിലാക്കി. ഓരോരുത്തരോടായി സംസാരിച്ചപ്പോൾ പ്രതികരണം ആശാവഹമായിരുന്നു. സശ്രദ്ധം ശ്രവിക്കുകയും നൻമയിൽ താത്പര്യം പ്രകടിപ്പിക്കുകയും ചെയ്തു.

മാസങ്ങളോളം പ്രവർത്തിച്ച് ഒരുക്കിയെടുത്ത അഞ്ഞൂറോളംപേരെ ഒരിടത്തു വിളിച്ചിരുത്തി ബോധവൽക്കരിക്കാമെന്നു തോന്നിയത് അങ്ങിനെയാണ്. ഏറെക്കുറെ എല്ലാരും ഒത്തുചേർന്ന 'തോഹോക്കു' ഹാളിൽ ഇളം തണുപ്പുള്ള ഒക്ടോബറിന്റെ ഒരു സായാഹ്നത്തിൽ ഞാൻ ദൈവ രാജ്യമവതരിപ്പിച്ചു

പ്രസംഗമാരംഭിച്ചു. "ആരാണോ കൽപനകൾ ധിക്കരിക്കുന്നത്, അവർക്കുള്ളതാകുന്നു നരകം." പതുക്കെ ഞാൻ വിശദീകരണത്തിലേക്ക് കടന്നു. നരകലോക പാപികൾ അനുഭവിക്കുന്ന അനന്തയാതനകൾ സർവമാന ഭീകരതയോടുംകൂടി അവതരിപ്പിച്ചപ്പോൾ പിന്നറ്റത്തു നിന്നു പലരും കരയുന്നുണ്ടായിരുന്നു. എല്ലാം ഏൽക്കുന്നുണ്ടെന്നതിന്റെ അടയാളങ്ങൾ ചുറ്റിലും കണ്ടു.

ഞാൻ സ്വരംമയപ്പെടുത്തി മുഖം തുടച്ചു. ശാന്തമായി സ്വർഗത്തിലേക്കു കടന്നു. അനുഗ്രങ്ങളനുഭവിച്ചു ജീവിക്കുന്ന സ്വതന്ത്ര ജനത. വിവരണാതീതമായ സമാധാനവും സൗകര്യങ്ങളുമനുഭവിച്ചുള്ള ജീവിതത്തിന്റെ വശ്യതയിൽ എല്ലാ മുഖങ്ങളും ആശ്വാസംകൊണ്ടു തിളങ്ങി. ഇതിനു പക്ഷെ, തിൻമകളിൽ നിന്നും മുക്തരായി നൻമയിൽ ഉറച്ചു നിൽക്കേണ്ടതുണ്ടെന്നും അതിനു തയ്യാറാണോ എന്നും ഞാനാരാഞ്ഞു. എല്ലാവരും ഒറ്റ സ്വരത്തിൽ സമ്മതം പറഞ്ഞു.

സന്തോഷത്തോടെ ഞാൻ ഉപസംഹാരത്തോടടുക്കുമ്പോഴായിരുന്നു ഒരു യുവാവെണീറ്റ് ചോദിച്ചത്. "തെകോക്കുനി ഷിഗോത്തൊ അരിമസ് കാ?" (സ്വർഗത്തിൽ ജോലി കിട്ടുമോ?) ഞാൻ ചിരിച്ചു. സ്വർഗത്തിൽ ആരും ജോലി ചെയ്യേണ്ടി വരില്ല. എല്ലാം സുലഭം. അപ്പോഴേക്കും സദസ്സിളകി. ജോലിയില്ലെന്നോ? പിന്നെന്തു സ്വർഗം! എനിക്കു വേണ്ട. ഞങ്ങൾക്കും വേണ്ട. ഓരോരുത്തരായി സഭ വിട്ടു. എന്റെ പ്രതീക്ഷകളത്രയും തകരുകയായിരുന്നു. മാസങ്ങളുടെ അധ്വാനഫലം പടിയിറങ്ങുന്നതു നോക്കി ഞാൻ കണ്ണു തുടച്ചു. എന്നാൽ ഒരു വൃദ്ധ മാത്രം പോയിട്ടില്ല. അവർ എന്നെ നോക്കി നിൽക്കുകയായിരുന്നു. ഒന്നിച്ചൊരു മാറ്റം പ്രതീക്ഷിക്കുന്നത് തെറ്റ്. ഇതാ ഒരാൾ നിൽക്കുന്നു. പിന്നെ രണ്ട്, അങ്ങിനെയങ്ങിനെ മനസ്സ് സമാധാനം തേടി. വൃദ്ധയുടെ മുന്നിൽ ഞാൻ ആചാരപ്രകാരം കുനിഞ്ഞു. എൺപതു കഴിഞ്ഞ അവർ നിവർന്നുനിൽക്കാൻ പ്രയാസപ്പെടുന്നതുപോലെ തോന്നി. ചുളിഞ്ഞ ധമനികൾ രക്തം വറ്റി വിളർത്തിരുന്നു. സത്യത്തോട് ആഭിമുഖ്യം കാണിക്കുന്ന ഇവർ ആദരണീയയാണ്. തൊഴുകൈകളോടെ ഞാൻ അനങ്ങാതെ നിന്നു.

"സ്വർഗത്തിനു മുമ്പ് നിങ്ങൾ മറ്റൊന്നു പറഞ്ഞില്ലെ"? ഉവ്വ്, നരകം. "അവിടെ വല്ല ജോലിയും കിട്ടുമോ"? എന്റെ കണ്ണിൽ ഇരുട്ടു പരന്നു. വിയർക്കുന്നുമുണ്ടായിരുന്നു. മേൽ കുപ്പായമഴിച്ചൊരു കമ്പിയിൽ തൂക്കി ഒന്നും പറയാതെ ഞാൻ പുറത്തേക്കു നടന്നു.

ഇനി ചോദിക്കട്ടെ, സ്വർഗത്തിൽ വല്ല തൊഴിലും വാഗ്ദാനം ചെയ്യാൻ താങ്കൾക്കു കഴിയുമോ? ചോദ്യം വീണ്ടും വരാം. സമയത്തെക്കുറിച്ച്, ഭൂമിയിലേതുപോലെ അവിടെയും ദിവസത്തിന് ഇരുപത്തിനാലു മണിക്കൂർ തന്നെയെങ്കിൽ പ്രതീക്ഷക്കു വഴിയില്ല. ഇതെല്ലാം പ്രവചിച്ച വല്ല പ്രവാചകനുണ്ടോ? ഏതായാലും താങ്കൾ ശ്രമിച്ചു നോക്കുക. കൂട്ടത്തിൽ ഒരുകാര്യം ഓർത്തുവെക്കാൻ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യുക. അധ്വാനത്തിന്റെ മഹത്വം വാഴ്ത്താത്ത ഒരു ദർശനവുമിവിടെ വിജയം കാണില്ല. ഇവർക്ക് ദൈവവും മതവും ജീവിതവും തൊഴിലാണ്, തൊഴിൽ മാത്രമാണ്.

ഗമ്പരേ!

---

## ഹിരോഷിമ

ഹിരോഷിമയിലെ ആണവബോംബാക്രമണത്തിൽ മരിച്ചവർക്കുള്ള സ്മാരകത്തിൽ കൊത്തിവെച്ചിട്ടുള്ള വാക്കുകൾ:

"സമാധാനമായി ഉറങ്ങിക്കൊള്ളുക,
തെറ്റ് ആവർത്തിയ്ക്കാതിരിയ്ക്കുമെന്നതിനാൽ"

ഇതിൽ 'തെറ്റ് ആവർത്തിയ്ക്കപ്പെടാതിരിയ്ക്കും' എന്ന കർത്താവില്ലാത്ത കർത്തരി പ്രയോഗം ബോധപൂർവം തെരഞ്ഞെടുത്തതാണത്രേ. ഇത് "തെറ്റ് ചെയ്തത് ആര്?" എന്ന ചോദ്യം അനുപേക്ഷണീയമാക്കുന്നു. ബോംബ് പ്രയോഗിച്ച അമേരിക്കയോ, അതോ യുദ്ധം തുടങ്ങിവെച്ച ജപ്പാനോ? ഇവിടെ ജാപ്പനീസ് ഭാഷയുടെ സ്വതഃസിദ്ധമായ ആ സന്ദിഗ്ധത (ambiguity) പ്രശ്നമുണ്ടാക്കുന്നുവെന്നുതോന്നാമെങ്കിലും ഇത്തരം വാചകങ്ങളിലെ അദൃശ്യമായ കർത്താവ് 'ഞങ്ങൾ' ആണെന്നത് സർവസമ്മതമാണ്.

---

പരേതരെ മറവു ചെയ്യാൻ
പണ്ട് നന്നങ്ങാടികൾ
പൈതൃകം മറവു ചെയ്യാൻ,
ജീവനോടെ നമ്മെ മറവു ചെയ്യാൻ
ഇന്നു നന്ന് അങ്ങാടികൾ

൧൫. - ജി. ശങ്കരപ്പിള്ള

---

ധ്യാനത്തിനു സഹായകമാകാൻ പ്രേമത്തിനു കഴിയില്ലെങ്കിൽ യാതൊന്നും സഹായകമാകില്ല.

- രജനീഷ്.

# മാവേലി വീണ്ടും ജപ്പാനിൽ

സ്വന്തം ലേഖകൻ

ഓണത്തിന് ജപ്പാനിൽ എത്തിയ മാവേലിക്കൊപ്പം ലേഖകനും സ്ഥലത്തെ പല പ്രമാണിമാരേയും സന്ദർശിക്കുകയുണ്ടായി. ഒരാഴ്ചയോളം നീണ്ടുനിന്ന പ്രസ്തുത സന്ദർശനത്തെക്കുറിച്ചുള്ള ഒരു സചിത്ര (ചിത്രം എല്ലാം വെള്ള മഷിയിൽ) റിപ്പോർട്ടാണിത്.

ജപ്പാനിലെത്തിയ മാവേലി നേരെ സുരേഷ് സാനിൻെറ വീട്ടിലോട്ടാണ് പോയത്. എരുമേലിയിൽ ഇറങ്ങി പേട്ടയും തുള്ളി മല കയറുമ്പോൾ "ബുദ്ധം ശരണം ഗച്ഛാമി" എന്നുചൊല്ലി മാവേലി നീങ്ങി.

ഒരു ഹിന്ദുവായ മാവേലി "ബുദ്ധം ശരണം" വിളിച്ചതെന്തേ എന്ന എൻെറ ചോദ്യത്തിന് മാവേലി ചെറുതായി ചൂടായിട്ടാണ് മറുപടി പറഞ്ഞത്. "എന്ത് ഹിന്ദു. മറ്റേവൻ വന്ന് തലക്ക് ചവിട്ടിയ അന്നു നിറുത്തിയെടോ ഞാൻ അതൊക്കെ. പെമ്പറന്നോത്തി പലതവണ പറഞ്ഞതാണ് ആര്യൻമാർ പാരകളാണെന്ന്. അതൊന്നും കേൾക്കാതെ ആ ആര്യച്ചെറുക്കന് മൂന്നടി കൊടുക്കേണ്ട കേസിന് ചവിട്ടും വാങ്ങി തലയിൽ വെച്ചു".

പറഞ്ഞ് പറഞ്ഞ് സുരേഷ്സാനിൻെറ വീടെത്തി. വാതിൽ തുറന്നു കൊടുത്ത പെൺകുട്ടി ആദ്യം ജാപ്പനീസിലും പിന്നെ ഹിന്ദിയിലും തുടങ്ങി മലയാളമൊഴിച്ച് പതിമൂന്ന് ഭാഷകളിൽ സ്വാഗതം പറഞ്ഞു. രണ്ട് കാഞ്ചി എഴുതിയും കാണിച്ചു. "സുരേഷിൻെറ മോളായിരിക്കും അല്ലേ, നല്ല ബുദ്ധിയുള്ള കുട്ടിയാണ്" എന്ന് എന്നോട് സ്വകാര്യവും പറഞ്ഞുകൊണ്ട് അദ്ദേഹം അകത്തേക്ക് നടന്നു.

പുതുതായി കയറി വന്ന ചെറുപ്പക്കാരൻ താളിയോലയുടെ എഡിറ്റർ ആണെന്ന് സ്വയം പരിചയപ്പെടുത്തി. "താളിയോലയോ, അതൊക്കെ ഇപ്പോഴും ഉണ്ടോ?" എന്തായാലും കാണട്ടെ എന്നായി തമ്പുരാൻ.

സ്ഥലത്തെ പ്രമാണിയും പൊതുകാര്യ പ്രസക്തനുമായ സുനീഷ്സാനെയാണ് അടുത്തതായി അദ്ദേഹം കാണാനിറങ്ങിയത്. ലേഖകന് പ്രസ്തുത പര്യടനത്തിൽ കൂടെ പോകാനായില്ല. വിയർത്തൊലിച്ചു വന്ന മാവേലിയുടെ കക്ഷത്തിൽ ഒരു ചുരുൾ പേപ്പറും ഉണ്ടായിരുന്നു. "നൂറു യെൻ മാത്രമേ ഉള്ളടെ, ടോക്യോ/പാതാളം, അതുകൊണ്ട് ഞാനും എടുത്തൊരു കാൾബേക്ക്" എന്ന് എന്നോടായി പറഞ്ഞുകൊണ്ട് അദ്ദേഹം ഫോണിൻെറ അടുക്കലോട്ടിരുന്നു.

എന്നാലിനി ജോർജ്ജ്സാനെ കണ്ടുകളയാമെന്ന് ഞാൻ. "ആരെടാ ജോർജ്ജ്" എന്ന് മാവേലി. മല കയറിയപ്പോൾ (ഫുജിസാനല്ല) നമ്മുടെ മുന്നേ പോയവനെന്ന് ഞാൻ. "ആ പുറകോട്ട് തലയുള്ളവനോ" എന്ന് അദ്ദേഹം. തലയില്ല, തൊപ്പിമാത്രം എന്ന് ഞാൻ. എന്തെങ്കിലുമാകട്ടെ പോകാമെന്ന് മാവേലി. ഞങ്ങൾ ചെന്നപ്പോൾ ഒരു നീണ്ട പേപ്പറും പിടിച്ചിരിക്കുകയായിരുന്നു ജോർജ്ജ്സാൻ. "ഇതൊന്നു നോക്ക് എൻെറ മലയാളം മാർക്കെന്നു" തുടങ്ങി അടുത്ത ആറേഴു മണിക്കൂറുകൾ ജോർജ്ജ്സാൻ സംസാരിച്ചു.

സോബിസാനെ കാണാനാണ് പിന്നീട് പോയത്. ട്രെയിനിൽ അടുത്തു നിൽക്കുന്ന പെൺകുട്ടികളെയും നോക്കിയിരിക്കുകയായിരുന്നു മാവേലി. ഇവരെല്ലാം തുണിയാണോ വാമനന് മൂന്നാമത്തെ അടിവെക്കാൻ കൊടുത്തത് എന്ന് തമ്പുരാൻ ആലോചിച്ചത്രെ. അങ്ങനെയിരിക്കുമ്പോൾ മണിയടി കേട്ടു. ഒരുപെൺകുട്ടി എവിടെ നിന്നോ ഫോൺ വലിച്ചെടുത്ത് "മൊഷി മൊഷി.."എന്നു തുടങ്ങിയതും അദ്ദേഹം ചിരിയും തുടങ്ങി. അന്തം വിട്ടിരുന്ന എന്നോട് "ആരാടാ പറഞ്ഞത് മൊബൈൽ ഫോൺകൊണ്ട് ഉപകാരമില്ലെന്ന്. ഈ സുന്ദരിപ്പെണ്ണിൻെറ സ്വരം പാറപ്പുറത്ത് ചിരട്ട ഉരച്ചതുപോലെയാണെന്ന് നമുക്ക് അങ്ങനെയല്ലേടോ മനസ്സിലായത്." തമ്പുരാൻെറ അറിവിൽ എൻെറ (കൃഷ്ണൻ നായരുടേയും) കണ്ണിറങ്ങിപ്പോയി.

സ്റ്റേഷനിൽ ഇറങ്ങി വാച്ചിൽ സമയം രണ്ടു മണിക്കൂർ പുറകോട്ട് തിരിച്ചുവെച്ച് ഞങ്ങൾ സോബിസാൻെറ വീട്ടിലേക്ക് പോയി. ഞങ്ങൾ ചെന്നപ്പോൾ ഭസ്മം ഉണ്ടാക്കാനുള്ള ശ്രമത്തിലായിരുന്നു മുൻ പറഞ്ഞ സാൻ. പത്ത്കിലോ കർപ്പൂരം കത്തിച്ചിട്ടും ഭസ്മം കിട്ടാഞ്ഞ് അടുത്തതായി കുന്തിരിക്കം കത്തിക്കാൻ പുറപ്പെടുകയായിരുന്നു അദ്ദേഹം.

"ഇനി അത്സുഗിയിൽ പോയിട്ട് മതി ബാക്കിയെല്ലാം പാതാള (കേശാസപുരം) ത്തുനിന്ന് ഒരാൾ ഇത്രടം വന്നിട്ട് ചെന്നു കണ്ടില്ല എന്നു പറഞ്ഞാൽ പിണങ്ങും ചിത്രസാൻ" എന്നായി ഞാൻ. അത്സുഗിയിലോട്ടുള്ള നീണ്ട യാത്രയിൽ ചില സമകാലീന പ്രശ്നങ്ങളെക്കുറിച്ച് അദ്ദേഹത്തോട് ഞാൻ അഭിപ്രായം ആരായുകയുണ്ടായി. ഏതൊരു സാധാരണ മലയാളിയേയും പോലെ സ്വന്തം വിജ്ഞാനം പ്രകാശിപ്പിച്ചും ബാക്കിയുള്ളവരോട് പുച്ഛത്തോടും കൂടിയാണ് മഹാബലിയും സംസാരിച്ചത്.

ചോ: ഇന്ത്യ CTBT തടഞ്ഞു വെക്കുന്നതിനെ ക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ഉ: എടാ കൊച്ചനേ, നിനക്ക് ഇത്തിരി വിപ്ളവം കൂടുതലാണ്. കഴിവില്ലാത്തവനാടാ കടയ്ക്കു തന്നെ വെട്ടുന്നത്. മാവേലിയെ ചവിട്ടാനല്ലാതെ നിങ്ങൾ ഇന്ത്യക്കാർക്ക് മാവോലി (മാവോസേതുങ് എന്നും പറയാം)യെ പ്പോലെ ചവിട്ടുകൊടുക്കാൻ അറിയത്തുമില്ല. അതുകൊണ്ട് അലമ്പാക്കാതെ പോയി ഒപ്പ് ഒന്നോ രണ്ടോ ഇട്ടുകൊടുക്ക്.

ചോ: കാശ്മീർ പ്രശ്നം എങ്ങിനെ പരിഹരിക്കാം എന്നാണ് അങ്ങേക്ക് തോന്നുന്നത്?

ഉ: മൗര്യൻമാരുടെ കാലത്തല്ലാതെ കാശ്മീർ

എന്നാണടാ കുട്ടാ ഭാരതീയമായിരുന്നത്. യുദ്ധമെന്നാരെങ്കിലും കരുതിയാൽ സ്വയം പാതാളത്തിൽ പോയാലും അതൊഴിവാക്കണമെന്ന് ഞാൻ പഠിപ്പിച്ചത് നിങ്ങളൊക്കെ മറന്നു പോയോ? കൊടുക്കടെ സ്വാതന്ത്ര്യം. എന്നിട്ട് എല്ലാവനേയും ചേർത്ത് മറ്റേ മൂക്കില്ലാത്തവൻമാരുടെ 'A' സീൻ (ASEAN) പോലെ ഒരു SKIP (ശ്രീലങ്ക, കാശ്മീർ, ഇന്ത്യ, പാക്കിസ്ഥാൻ) ഉണ്ടാക്ക്. പുട്ടടിക്ക്. പുട്ടു കണ്ടാൽ ബാക്കിയെല്ലാം SKIP ചെയ്യ്.

കുറിപ്പ്: അഭിമുഖം മുഴുവൻ സ്ഥലപരിമിതി മൂലം ചേർക്കാൻ കഴിയാത്തതിൽ ഖേദമുണ്ട്. ബാക്കി വായനക്കാരുടെ ആഗ്രഹപ്രകാരം (റിലീസ് ചെയ്യാത്ത സിനിമക്ക് ജനപ്രീതി അവാർഡ് കിട്ടിയമാതിരി) തുടർന്നുള്ള ലക്കങ്ങളിൽ കഥയായോ, കവിതയായോ, കോളമായോ ഇതൊന്നും എഡിറ്ററിന് സമ്മതമല്ലെങ്കിൽ പരസ്യക്കൂലി കൊടുത്തോ പ്രസിദ്ധീകരിക്കുന്നതാണ്.

അത്സുഗിയെത്തി. ഞങ്ങൾ ചെന്നപ്പോൾ രണ്ടുമൂന്നു പാട്ടുകളെല്ലാം പാടി അർജ്ജുനനെ ഉറക്കിയിട്ട് ജ്യാഹ്നയിലേക്ക് പോകാൻ തയ്യാറെടുക്കുകയായിരുന്നു NTT പ്രഭാകരൻ. ശല്യപ്പെടുത്തണ്ടാ എന്നു കരുതി ഞങ്ങളപ്പുറത്തേക്ക് നടന്നു.

സന്തോഷ്സാനിനെയാണ് (Joyson എന്നും ആകാം) പിന്നെ കണ്ടത്. അദ്ദേഹം ഈയിടക്ക് നാട്ടിൽപോയപ്പോഴുള്ള കാര്യങ്ങളാണ് പ്രധാനമായും സംസാരിച്ചത്. കേരളത്തിൽ രൂക്ഷമായ "വെള്ള" ക്ഷാമമായതുകാരണം കൂടുതൽ സമയവും ബോംബെയിലായിരുന്നത്രെ. ഗിരീഷ്സാൻ മറ്റു തിരക്കുകളിലായതുകൊണ്ട് ത്സുനാഷിമക്കും, കിരൺസാനിന് വസന്തകാലമായതുകൊണ്ട് അങ്ങോട്ടും ശല്യപ്പെടുത്താൻ പോകണ്ടെന്ന് പ്രസ്തുതസാൻ മാവേലിയെ ധരിപ്പിച്ചു.

എന്നാലിനി ബിനിയെ ആയിക്കളയാം. പോകുന്ന വഴിക്ക് ചായക്കടകളു വല്ലതും കണ്ടാൽ പുള്ളെ നമുക്ക് ഓരോ ചായകളും കുടിച്ച് എന്തെങ്കിലും വാങ്ങി കടിച്ചുംകൊണ്ട് പോകാം എന്ന് മാവേലി. ശരി അപ്പി എന്നു ഞാനും. വെയിറ്റർ വന്നപ്പോഴും മാവേലി "മെനു" വിൽ തന്നെ നോക്കിയിരിപ്പാണ്. ആയിക്കോട്ടെ എന്ന് കരുതി ഞാൻ "just a minute" എന്നു വെയിറ്ററോടും "കൊരേ വാ അരിമാസേൻ. കോച്ചാ തൊ കോഹി തൊ സാക്കെ ഗാ അരു" (നിങ്ങൾ ഇപ്പൊ പറഞ്ഞതില്ല. ചായയോ കാപ്പിയോ വേണമെങ്കിൽ ഒരു ഗ്ളാസെടുക്കാം.) എന്ന് വെയിറ്റർ എന്നോടും പറഞ്ഞു. "അമ്മോ" ഈ നാട്ടിൽ വെയിറ്ററിന് വരെ നല്ല ഇംഗ്ളീഷ് അറിയാമല്ലോ എന്നായി മാവേലിയുടെ സർക്കാസം. എന്തായാലും മാവേലി പറഞ്ഞ "അമ്മോ" കേട്ടതും വെയിറ്റർസാൻ രംഗത്ത് നിന്ന് നിഷ്ക്രമിക്കുകയും അല്പനേരത്തിന് ശേഷം ഗയ്ജിൻസാൻമാർക്ക് (UFO) ചൂടോടെ 'അൻമാൻ' കൊണ്ടെത്തരികയും ചെയ്തു. 'അൻമാൻ' തിന്ന മാവേലി എടാ കുട്ടാ നിനക്കെങ്ങിനെ മനസ്സിലായി കൊഴുക്കട്ടയാണ് എനിക്കേറ്റവും ഇഷ്ടപ്പെട്ടതെന്നായി. ജപ്പാനികളുടെയും കേരളീയരുടെയും ഇത്രയും സുപ്രധാനമായ ഒരു സാമ്യം കണ്ടെത്തിയ സന്തോഷത്തിലായിരുന്നു ഞാൻ.

ബിനിസാന് കൊടുക്കാനായി ഒരു അൻപത് 'അൻമാനും' വാങ്ങി ഞങ്ങൾ ചിബയ്ക്ക് പുറപ്പെട്ടു. ഞങ്ങൾ ചെന്നപ്പോൾ രാജീവ്സാൻ രണ്ടാമത്തെ കുട്ട പൂരി ചുട്ടുകൊണ്ടിരിക്കുകയായിരുന്നു. ബിനിസാനാകട്ടെ ഏതോ പഴയ ഫാമിലി ഫോട്ടോ നോക്കി എന്തോ കുത്തിവരക്കുകയും. മാവേലിയെ കണ്ടതും ബിനിസാനും രാജീവ്സാനും സന്തോഷമായി. ബിനിസാൻ ഇനി കുറെ നേരം സംസാരിച്ചോണ്ട് ഇരുന്നോളുമല്ലോ എന്നായിരുന്നു രാജീവ്സാൻെറ സന്തോഷം. ബിനിസാനാണെങ്കിൽ "താളിയോല ഓണപ്പതിപ്പിന്" മഹാബലിയുടെ മുഖചിത്രം ഇനിയെങ്കിലും original ആളെ നോക്കി വരക്കാമല്ലോ എന്നും.

ടോക്യോ കണ്ട് മടുത്ത മാവേലി താളിയോല തപ്പി 'ത്സുക്കുബ' യിലെ ഒരു മലയാളിയെ കണ്ടെത്തി. ഇവൻ നായരും എന്നെക്കുറിച്ച് ലേഖനം എഴുതിയവനും ആയതുകൊണ്ട് എന്തായാലും പോയിക്കാണണം എന്ന അദ്ദേഹത്തിൻെറ നിർബന്ധത്തിന് വഴങ്ങി ഞങ്ങൾ ബാബുകുട്ടി Y. NAIR - ടെ വീട്ടിലോട്ട് തിരിച്ചപ്പോൾ അതൊരു വിടവാങ്ങലിൽ എത്തിച്ചേരുമെന്ന് ഞാൻ കരുതിയില്ല. NAIR ആയ ബാബുകുട്ടി കുരിശുവരച്ച് സ്തോത്രം ചൊല്ലുന്ന കാഴ്ച കണ്ട്, ഈ ഓണക്കാലത്തും ഇവനിങ്ങനെയോ എന്ന് മനസ്തപിച്ച് കഴിഞ്ഞ ഓണക്കാലത്ത് ബാബുകുട്ടി തന്നെ പിളർന്ന കുഴിയിലൂടെ അദ്ദേഹം പാതാളത്തിലേക്ക് മടങ്ങുകയാണുണ്ടായത്.

നിഷേധ പ്രസ്താവന: സമകാലീനമോ ഐതിഹാസികമോ ആയ ചരിത്ര സംഭവങ്ങളെയോ, ചരിത്ര പുരുഷൻമാരെയോ വികലമാക്കി കാണിക്കാനുള്ള ഒരു പരിശ്രമമല്ല ഇത്. അങ്ങനെ ആർക്കെങ്കിലും തോന്നിയാൽ മാപ്പ്.

കാന്തയ്ക്കു കണ്ണുപാടില്ല
കാതു പാടില്ല കാന്തനും
ദാമ്പത്യം കാന്തമാമെന്നാൽ
അല്ലെന്നാൽ കുന്തമായിടും

മലയും മലരും താങ്ങി
നില്ക്കുന്നില്ലെന്നിരിക്കിലോ
എന്നോ വീണു തകർന്നേനേ
മന്നിലുള്ളവയൊക്കെയും

-കുഞ്ഞുണ്ണി

# മുന്നൂറ്റൻ

കെ. പ്രഭാകരൻ, അത്സുഗി

[പ്രഭാകരൻ വടകര സ്വദേശിയാണ്. ഇപ്പോൾ NTT യിൽ ശാസ്ത്രജ്ഞനായി ജോലി നോക്കുന്നു. ഭാര്യ ഗീതക്കും NTT യിൽ ജോലിയുണ്ട്. മകൻ അർജ്ജുൻ]

യൗവനത്തിലേക്ക് കാലൂന്നിയ കാലഘട്ടത്തിലാണ് എനിക്ക് മുന്നൂറ്റൻ എന്ന അവതാരപുരുഷനെക്കുറിച്ചുള്ള അറിവു ലഭിക്കുന്നത്. ഇതിന് എൻെറ യൗവനവുമായി യാതൊരു ബന്ധവുമില്ലെന്ന് ഞാൻ പിന്നീടാണ് മനസ്സിലാക്കിയത്. അതുവരെ ഇദ്ദേഹത്തെക്കുറിച്ച് തികച്ചും അജ്ഞനാകാനുള്ള കാരണം ഇന്നും എനിക്ക് അജ്ഞാതം തന്നെ. എല്ലാവർഷവും മെയ് മാസത്തിലെ രണ്ടാമത്തെ ഞായറാഴ്ച സായാഹ്നത്തെ കോരിത്തരിപ്പിച്ചുകൊണ്ടാണ് മുന്നൂറ്റൻ സാധാരണ പ്രത്യക്ഷപ്പെടാറുള്ളത്. മുഖം നിറയെ കഥകളി നടനെപ്പോലെ ചായം പൂശിയിരിക്കും. ചുണ്ടിൽ മാത്രം കടുംനീല നിറം ആണ്. ചുവന്ന നിറമുള്ള ഒരു പ്രത്യേകതരം വസ്ത്രമാണ് ഉടുക്കാറ്. പുറകിൽ നല്ല വീതിയുള്ള ഒരു മരപ്പലക വെച്ചുപിടിപ്പിച്ച് അതു ചുവന്ന പട്ടു വസ്ത്രം കൊണ്ട് മൂടിയിട്ടുണ്ടാവും. കണ്ടാൽ നടക്കാൻ വളരെ പ്രയാസമുള്ളതായി തോന്നാമെങ്കിലും അനായാസമായി നടക്കാൻ മുന്നൂറ്റനു കഴിയും. മുന്നൂറ്റൻ പ്രത്യക്ഷപ്പെട്ടുകഴിഞ്ഞാൽ അത് ഒരു ഉത്സവം തന്നെയാണ്. കണ്ടുമുട്ടുന്ന ആളുകൾ ഇളനീർ വെള്ളം കൊടുക്കും അതിനുശേഷം വളരെ പതുങ്ങിയ സ്വരത്തിൽ സംസാരിക്കാൻ തുടങ്ങും. സംസാരവിഷയം എന്തുമാകാമത്രെ. കല്ലുകണ്ടിപ്പറമ്പിൽ കിണർകുഴിച്ചാൽ വെള്ളം കാണാൻ സാദ്ധ്യതയുണ്ടോ എന്നു തുടങ്ങി അമേരിക്കക്ക് ക്യൂബയോടുള്ള വിദ്വേഷംവരെയാകാം. മുന്നൂറ്റൻെറ കഴുത്തിൽ തൊട്ടാവാടിയുടെ ഇലകൊണ്ടുണ്ടാക്കിയ മാല വാടാതെ കിടക്കുന്നുണ്ടാകും. ഇതെല്ലാം പറഞ്ഞു കേട്ടിട്ടുള്ള അറിവാണ് കാരണം എനിക്ക് ഒരു കൂടിക്കാഴ്ചക്ക് അവസരം കിട്ടിയിരുന്നില്ല.

എത്രയോ മെയ് മാസ സായാഹ്നങ്ങളിൽ ഞാൻ മുന്നൂറ്റനെ കാണാൻവേണ്ടി അലഞ്ഞു നടന്നിട്ടുണ്ടെന്നോ. ഒരിക്കലും അതിനുള്ള ഭാഗ്യം ഉണ്ടായില്ല. പക്ഷെ ഈ കാര്യം ഒരു രഹസ്യമായി ഞാൻ സൂക്ഷിക്കുകയായിരുന്നു. എൻെറ സുഹൃത്തുക്കൾ മുന്നൂറ്റനെ കണ്ടതും മുന്നൂറ്റനുമായി കാര്യങ്ങൾ സംസാരിച്ചതും വീമ്പടിക്കുമായിരുന്നു. അപ്പോഴൊക്കെ ഞാനും മനപ്പൂർവ്വം ചിലകഥകൾ കെട്ടിച്ചമച്ചുണ്ടാക്കുമായിരുന്നു. പക്ഷെ അവവെറും കഥകളാണെന്ന് അവർക്ക് ഒരിക്കലും മനസ്സിലാവാറുണ്ടായിരുന്നില്ല. സത്യം അമ്മയോട് പറഞ്ഞപ്പോഴാണ് കാര്യം ഗൗരവമായത്. അമ്മക്ക് അത് വളരെ മനഃപ്രയാസമായി. കുടുംബത്തിലെ തലമുതിർന്ന കാരണവരെപ്പോലും അറിയിച്ചു. ഇത് കുടുംബത്തിൻെറ അഭിമാന പ്രശ്നമായതുകാരണം ഒരു വ്യക്തമായ പരിഹാരം അത്യാവശ്യമാണെന്ന കാര്യത്തിൽ പൊതുവെ എല്ലാവർക്കും യോജിപ്പായിരുന്നു. പണിക്കർ എന്ന തികഞ്ഞ ശാസ്ത്രജ്ഞാനിയായ ജ്യോത്സ്യൻെറ അടുത്തു പോകുക. പണിക്കരദ്ദേഹം ആ കാലത്ത് വളരെ പേരെടുത്ത ജ്യോത്സ്യനായിരുന്നു. കോവിലകത്തെ പാർവതിയെന്ന സുന്ദരിയായ പെൺകുട്ടി കിണറ്റിൽ ചാടി ആത്മഹത്യ ചെയ്തതിൻെറ കാരണംപോലും വളരെ വ്യക്തമായി കണ്ടുപിടിച്ച പ്രശസ്തനായ പണിക്കരുടെ അടുത്തേക്ക് ഞങ്ങൾ കുടുംബസമേതം പോയി. പണിക്കർ തൻെറ സാമഗ്രികൾ മേശപ്പുറത്ത് നിരത്തി ഗണിതം തുടങ്ങി. എല്ലാവരുടേയും കണ്ണുകൾ പണിക്കരുടെ മുഖഭാവങ്ങൾ മാറുന്നതും എന്തൊക്കെയോ മന്ത്രോച്ചാരണങ്ങൾ നടത്തുന്നതിലുമായിരുന്നു. എന്തൊക്കെയോ ദുരൂഹതകൾ കാണുന്നതുപോലെയും അവ ഒന്നൊന്നായി അഴിച്ചെടുക്കുന്നതുപോലെയും തോന്നി. അവസാനം വിധി കൽപിച്ചു. എൻെറ തല മൊട്ടയടിപ്പിച്ചു മൂന്നു ദിവസം ജലപാനമില്ലാതെ ശിവക്ഷേത്രത്തിൽ പൂജ നടത്തുക. മനോഹരമെന്നു ഞാൻ ധരിച്ചുവെച്ചിരുന്ന തലമുടി നഷ്ടപ്പെടുന്നതിലായിരുന്നു എനിക്ക് ഏറ്റവും ദുഃഖം. എന്നാൽ മറ്റുമാർഗ മൊന്നുമില്ലെന്നറിയാമായിരുന്നു. പിന്നെ ഇത്രയും ചെയ്താലെങ്കിലും എനിക്ക് മുന്നൂറ്റനെ കാണാൻ പറ്റുമല്ലോ എന്നുള്ള ചിന്തയും എൻെറ മനസ്സിൽ സന്തോഷത്തിൻെറ പൂത്തിരി കത്തിച്ചു.

അങ്ങിനെ എൻെറ ജീവിതത്തിലെ ഏറ്റവും മഹത്തായത് എന്ന് വിശേഷിപ്പിക്കപ്പെടാവുന്ന മൂന്നു ദിവസങ്ങൾ ഒരു മൊട്ട സന്യസിയായി കഴിഞ്ഞു. പൂജ കഴിഞ്ഞ് പണിക്കരദ്ദേഹം നിർദ്ദേശിച്ച പ്രകാരം മുള്ളൻ കുന്നിൻെറ ചരിവിലേക്ക്, ഒരു മെയ് മാസത്തിലെ രണ്ടാം ഞായറാച സായാഹ്നത്തിൽ ഞാൻ ഏകനായി മുന്നൂറ്റനേയും തേടി നടന്നു. മനസ്സു നിറയെ മുന്നൂറ്റൻെറ രൂപവും കാണാനുള്ള ആകാംക്ഷയും സംസാരിക്കാനുള്ള വിഷയങ്ങളുമായിരുന്നു. അതാ.. അങ്ങകലെ അസ്തമയ സൂര്യൻെറ കിരണങ്ങളേറ്റ ഒരു രൂപം എനിക്ക് വ്യക്തമായി കാണാമായിരുന്നു. അതെ അത് മുന്നൂറ്റൻ തന്നെ. മുന്നോട്ട് നടക്കുന്തോറും രൂപം കൂടുതൽ കൂടുതൽ അടുത്തു വന്നു. എൻെറ സന്തോഷത്തിനതിരില്ലായിരുന്നു. കൈയകലത്തിൽ മുന്നൂറ്റൻ എത്തിയപ്പോൾ കൈയിലുണ്ടായിരുന്ന ഇളനീർ വെള്ളം ഭയഭക്തി ബഹുമാനങ്ങളോടെ നീട്ടികൊടുത്തു. പിന്നീട് ഞങ്ങൾ രണ്ടുപേരും സംസാരിക്കാൻ തുടങ്ങി. എത്ര സമയം ഞങ്ങളങ്ങിനെ സംസാരിച്ചിരുന്നു എന്നു പറയാനാവില്ല. സംസാരിക്കാൻ കരുതി വെച്ച വിഷയങ്ങൾ തീർന്നപ്പോൾ മുന്നൂറ്റൻ നടന്നകന്നു. തിരിച്ചു നടക്കുമ്പോൾ എൻെറ മനസ്സു നിറയെ ഈ ലോകത്തിനോടു പറയാനുള്ള കാര്യങ്ങളായിരുന്നു.

കഥാവശേഷം: ഞാൻ കണ്ട മുന്നൂറ്റൻെറ കഴുത്തിൽ തൊട്ടാവാടിയിലകൊണ്ടുണ്ടാക്കിയ മാലയില്ലായിരുന്നു.

## രണ്ടാമൂഴം

ജ്യോതി

[എറണാകുളത്ത് ഇടപ്പള്ളി സ്വദേശിയാണ് ജ്യോതി. ഈ വർഷം ഫിസിക്സിൽ ബി. എസ്. സി. ബിരുദമെടുത്തു]

ഇവൾ, ഊർമ്മിള......
ആദി കവി പാടാൻ മറന്നു പോയ
കദന കഥ, ഇവൾക്കൊരു ഭാരമാകുന്നു.
തൂലികത്തുമ്പിൽ നിന്നന്യമാക്കപ്പെട്ട
ഇവളുടെ കണ്ണുനീർ വൃഥാവിലാകുന്നു.

ഇവൾ, ഊർമ്മിള......
വൈദേഹിയുടെ പിന്നിൽ, എന്നും
രണ്ടാമൂഴക്കാരിയായി തഴയപ്പെട്ടവൾ
കാന്തനോടൊത്തു കാട്ടിലലയാതെ
കൊട്ടാരത്തിൽ "സുഖിച്ചു" വാണവൾ.

ഇവൾ, ഊർമ്മിള......
വിരഹദുഃഖത്താൽ പതിന്നാലു സംവത്സരം
അന്തഃപുരത്തിൽ വീർപ്പുമുട്ടിയവൾ
യുഗപുരുഷന്റെ പിന്നിൽ നിഴലായ് മാറിയ
'അനുജ'ന്റെ, സ്നേഹം പിടിച്ചു
പറിക്കാത്തവൾ.

ഇവൾ, ഊർമ്മിള......
ഇന്നിന്റെ വിരസതയിൽ ആണ്ടുപോകുമ്പോഴും
നാളെയുടെ പുലരിയെ കാത്തുകാത്തിരുന്നവൾ

ഇവൾ, ഊർമ്മിള......
ഇവൾ സർവ്വംസഹ......
ഇവൾ സ്ത്രീ......

ഇവൾ, ഊർമ്മിള......
സീതാ ദുഃഖത്തിൽ മനംനൊന്തു പിടയുമ്പൊഴും
നാം മറന്നു പോകുന്ന രണ്ടാമൂഴക്കാരി
"രാമായണ"ത്തിനായ് ജീവിതം ത്യജിച്ചിട്ടും
ഒരു കറിവേപ്പിലപോലെയെടുത്തുമാറ്റപ്പെട്ടവൾ

ഇവൾ, ഊർമ്മിള......
കൂച്ചു ചങ്ങലയറുത്ത്
ഈ താളിയോല ഗ്രന്ഥങ്ങളിൽ നിന്നിവൾ-
ക്കെന്നാണിനിയൊരു മോചനം?

ഇവൾ, ഊർമ്മിള......
ആദി കവി പാടാൻ മറന്നു പോയ
നാം ഓർക്കാൻപോലും മറന്നുപോയ
പാവം.... പാവം...ഊർമ്മിള.

## 'ഒബൊൻ'

പിതൃക്കളുടെ ഉത്സവമാണ് ഒബൊൻ.

വർഷത്തിലൊരിക്കൽ ഉറ്റവരെക്കാണാൻ ഭൂമിയിലെത്തുന്നവർക്കുവേണ്ടി എല്ലാവരും പിറന്ന വീടുകളിലേക്ക് പോകുന്നു. ശവകുടീരങ്ങളിൽ ചന്ദനത്തിരികൾ കൊളുത്തുന്നു. നഗരമധ്യത്തിൽ കെട്ടിയുയർത്തിയ മുളമ്പന്തലുകൾക്കുചുറ്റും നൃത്തം ചെയ്യുന്നു.

സംസ്കൃതത്തിലെ 'ഉല്ലംബനം' എന്ന വാക്കിൽ നിന്നാണ് 'ഒബൊൻ' എന്ന പേരിന്റെ ഉത്ഭവം എന്നു പറയപ്പെടുന്നു. ബുദ്ധമതത്തിലെ 'ഉല്ലംബന സൂത്ര'ത്തിലെ കഥയാണ് ഇതിനടിസ്ഥാനം. അമ്മയുടെ ആത്മാവിനെ നരകത്തിൽ നിന്നു രക്ഷിക്കാനായി മൂന്നുമാസത്തെ കഠിന തപം ചെയ്ത ഒരു ഭിക്ഷുവിന്റെ കഥയാണിത്. ഒടുവിൽ സ്വാദിഷ്ഠമായ ഭക്ഷണവും മദ്യവും ചേർന്ന ഒരുവിരുന്നും കൂടി നൽകുന്നതോടെ അമ്മയുടെ മോചനം സാധിക്കുന്നു. ഇതു നടന്നുവെന്ന് വിശ്വസിക്കപ്പെടുന്ന കാലത്താണ് (ആഗസ്റ്റ് 12-16) ഇന്ന് ഒബൊൻ ആഘോഷിക്കുന്നത്.

ആദ്യം ആത്മാക്കളെ സ്വാഗതം ചെയ്യുന്നതും പിന്നീട് അവർക്ക് സമ്മാനങ്ങളും മറ്റും കൊടുത്ത് യാത്രയാക്കുന്നതുമാണ് ഇതിന്റെ പ്രധാന ചടങ്ങുകൾ. ജീവിച്ചിരുന്ന കാലത്തെ ഇവരുടെ ഇഷ്ടാനിഷ്ടങ്ങളും മറ്റും ഇവയിൽ പ്രതിഫലിച്ചേക്കാം. അങ്ങനെ, മദ്യപ്രിയനായിരുന്ന മുത്തച്ഛനുവേണ്ടി സകുടുംബം സമൃദ്ധമായി മദ്യപിക്കുന്നതും, കർക്കശക്കാരനായിരുന്ന അച്ഛൻ 'വരുമ്പോൾ' കുടുംബാംഗങ്ങളെല്ലാം കഴിയുന്നത്ര നിശ്ശബ്ദത പാലിക്കുന്നതും സാധാരണമാണ്.

പൗരസ്ത്യസംസ്കാരത്തിന്റെ മരണത്തോടുള്ള സമീപനം ഒബൊൻ ആഘോഷങ്ങളിൽ വളരെ വ്യക്തമായി പ്രതിഫലിക്കുന്നതായി തോന്നുന്നു. വർഷങ്ങളോളം ജപ്പാനിൽ താമസിച്ച ഒരിംഗ്ലീഷുകാരൻ തന്റെ പുസ്തകത്തിൽ മരിച്ചവരെ ഓർക്കുന്ന അവസരത്തിൽ സാഘോഷം നൃത്തം ചെയ്യുന്നതിനെക്കുറിച്ച് ആശ്ചര്യപ്പെടുന്നു. എന്നാൽ ഇവിടെ മരണം ഒരു സാധാരണ വിരഹം മാത്രമാണ് - ഇനി വർഷത്തിലൊരിക്കൽ മാത്രം കാണാൻ സാധിക്കുന്ന ഒരു വിടവാങ്ങൽ (പലരും നാട്ടുകാരേയും കാണുന്നത് ഈ അവസരത്തിൽ മാത്രമാണ്). ഈ 'ഫാൻറസി' പലപ്പോഴും ഇതനുഷ്ഠിക്കുന്നവരിൽതന്നെ ഒരു 'മായികത'യുടെ തലം വരെ എത്താറുണ്ട്. മരിച്ചുപോയ മുത്തശ്ശനിഷ്ടപ്പെട്ട 'ബ്രാൻറ്' ബിയർതന്നെ വാങ്ങാനും, ശവകുടീരത്തിനു മുൻപിൽ വേനൽക്കാലത്തേക്ക് വിശറിയും, തണുപ്പുക്കാലത്തേക്ക് രോമത്തൊപ്പിയും, ചന്ദനത്തിരികളേക്കാൾ സുഗന്ധമുള്ള പെർഫ്യൂം കുപ്പികളും വെക്കാനും പലരും ഉത്സാഹം കാണിക്കുന്നു.

ഒടുവിൽ ശവകുടീരങ്ങളിലെ ചന്ദനത്തിരിപ്പുകയലിഞ്ഞുതീരുന്നതോടെ നഗരങ്ങളിലെ റോഡുകൾ വീണ്ടും നിറഞ്ഞു കവിയുന്നു. അടുത്ത വേനലിൽ വീണ്ടും ഈ നാടകം അരങ്ങേറുന്നതുവരെ.

## അസംബന്ധം

ഒരു വള്ളുവനാടൻ പാട്ട്. കുട്ടിക്കാലത്ത്, തിരുവാതിരയുടെ ചോഴിക്കളിയിൽ മുത്തി പാടിക്കേട്ടിട്ടുള്ളതാണ്. മനുഷ്യനോടൊപ്പം മൃഗങ്ങളെയും മറ്റുപകരണങ്ങളെയും സാമൂഹ്യബന്ധങ്ങളുടെ കണ്ണികളായി ഇതിൽ ചിത്രീകരിച്ചിരിക്കുന്നു. ഒരു അസംബന്ധത്തിൻെറ തലത്തിലേയ്ക്കുയരുന്ന അതിരുകടന്ന 'യഥാതഥ' മായ ശൈലിയാണ് ഇതിൻെറ മുഖമുദ്ര എന്നു തോന്നിയിട്ടുണ്ട്.

കൊളക്കോഴ്യമ്മ മുട്ടേട്ടൂ
മുട്ടാ കൊണ്ടോയി തൊട്ടീലിട്ടു.
തൊട്ടീ നിയ്ക്കൊരു കുട്ട്യേതന്നു
കുട്ട്യേ കൊണ്ടോയി ചെറുമിയ്ക്കു
കൊടുത്തു.
ചെറുമീ നിയ്ക്കൊരു ചെറുമനെത്തന്നു.
ചെറുമനെക്കൊണ്ടോയി പ്ലാവിൻമേൽക്കേറ്റി
പ്ലാവേനിയ്ക്കൊരു ചക്കതന്നു
ചക്കാ കൊണ്ടോയി പോത്തിനു കൊടുത്തു.
പോത്തെനിയ്ക്കു ചാണകം തന്നു.
ചാണകം കൊണ്ടോയി പാടത്തിട്ടു
പാടം നിയ്ക്കു നെല്ലൂ തന്നു
നെല്ലുകൊണ്ടോയി ഉരലിലിട്ടു.
ഉരലെനിയ്ക്കു അരി തന്നു
അരി കൊണ്ടോയി കലത്തിലിട്ടു
കലം നിയ്ക്കു ചോറുതന്നു
ചോറുകൊണ്ടോയി അമ്മാമനു കൊടുത്തു
അമ്മാമൻ നിയ്ക്കൊരുരുള തന്നു
ഉരുള കൊണ്ടോയി മുത്തിയ്ക്കു കൊടുത്തു
മുത്തീ നിയ്ക്കൊരു മുത്തം തന്നു.

## പിറവി

വേണുഗോപാലിനും സുജക്കും, ആൺകുട്ടി - അവിനാശ്.

കിരണും ബിസക്കും, പെൺകുട്ടി - ആർച്ച.

ബിജുവിനും ഷൈനിക്കും, പെൺകുട്ടി - പ്രിസില്ല.

റഹീമിനും മഞ്ജുവിനും, ആൺകുട്ടി.

സാബുവിനും ആനിക്കും, ആൺകുട്ടി.

**ഈ ലക്കം സ്പോൺസർ ചെയ്ത സെക്കിയാഡോ മാച്ചി (ചിബ) യിലെ മലയാളി സുഹൃത്തുക്കൾക്ക് നന്ദി!!**

# നാട്ടുവിശേഷം

### ഐ. ഐ. എം. കോഴിക്കോട്

കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് സ്ഥാപിക്കാൻ കേന്ദ്ര ഗവൺമെൻറ് അന്തിമാനുമതി നൽകി. സ്ഥാപനത്തിന് സ്ഥിരം കെട്ടിടവും മറ്റു സൗകര്യങ്ങളും ഉണ്ടാകുന്നതുവരെ കോഴിക്കോട് എഞ്ചിനീയറിങ് കോളേജിലായിരിക്കും ക്ലാസ്സുകൾ നടത്തുക. അടുത്ത കൊല്ലം ജൂണിൽ 50 കുട്ടികളടങ്ങുന്ന ആദ്യ ബാച്ചിന് പ്രവേശനം നൽകും.

രാജ്യത്തെ അഞ്ചാമത്തെ ഐ. ഐ. എം. ആണ് കോഴിക്കോട്ട് സ്ഥാപിക്കുന്നത്.

### പെൻഷൻ പ്രായം

കേന്ദ്ര സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം 60 ആക്കാൻ അഞ്ചാം ശമ്പളക്കമ്മീഷൻെറ ശുപാർശ. ഇപ്പോൾ 58 ആണ് പ്രായ പരിധി. ഈ നിർദ്ദേശം സർക്കാർ അംഗീകരിച്ചാൽ ജനുവരി 1 മുതൽ പ്രാബല്യത്തിൽ വരും. പെൻഷൻ പ്രായം രണ്ടു കൊല്ലം വർദ്ധിപ്പിക്കുക വഴി ഏതാണ്ട് 1000 കോടി രൂപയുടെ ലാഭമുണ്ടാകുമെന്നാണ് ഗവൺമെൻറിൻെറ കണക്കുകൂട്ടൽ.

### നിര്യാതനായി

സോപാന സംഗീത ചക്രവർത്തി ഞെരളത്ത് രാമപ്പൊതുവാൾ (80) അന്തരിച്ചു. ഹൃദയാഘാതത്തെ തുടർന്ന് പെരിന്തൽമണ്ണ മൗലാന ആസ്പത്രിയിൽ ആഗസ്റ്റ് 13-ാം തിയതി 5 മണിക്കായിരുന്നു അന്ത്യം.

### വികസന ഫണ്ട്

പാർലമെൻറ് അംഗങ്ങളുടെ പ്രാദേശിക വികസന പദ്ധതിക്കായി നീക്കിവെച്ച തുകയിൽ കേരളം 33 ശതമാനം മാത്രമാണ് പ്രയോജനപ്പെടുത്തിയത്. കേരളത്തിന് അനുവദിച്ച 41 കോടിയിൽ ചെലവാക്കിയത് 13.6 കോടിയാണ്.

മുഖചിത്രം വരച്ചത് വേണുഗോപാൽ, പ്രീത ദമ്പതികളാണ്. തിരുവനന്തപുരമാണ് രണ്ടുപേരുടേയും സ്വദേശം. വേണു ഇപ്പോൾ ടോക്യോവിൽ കമ്പ്യൂട്ടർ എഞ്ചിനീയറാണ്.

Edited by:
Sankaranarayanan
202 Nishi Tsunashima Green Heights
6-9-1 Tsunashima Nishi
Yokohama - 223, Japan
Tel: 045 546 9893
E-Mail: sanx@csfb.co.jp

Published by:
Suresh Lal
201 Sachigaoka Daikan Plaza Sportsment
148-4 Sachigaoka, Asahi - Ku
Yokohama - 241, Japan
Tel: 045 364 7178 Fax: 045 366 4168
E-Mail: lal@gol.com